# സീറോമലബാർസഭയുടെ
# ആരാധനക്രമം

# യാമപ്രാർഥന

## പൊതുക്രമം
## സപ്രാ

*Imprimatur*

Mount St. Thomas
25.12.2022

✠ **George Cardinal Alencherry**
Major Archbishop of the Syro-Malabar Church

✠ **Mar Thomas Elavanal MCBS**
Bishop of Kalyan
Chairman
Syro-Malabar Major Archiepiscopal
Commission for Liturgy

Published by
Secretariat, Commission for Liturgy
Major Archiepiscopal Curia
Mount St. Thomas, P.B. No. 3110
Kakkanad P. O., Kochi - 682 030
Ph: 9446477924

Layout
St. Joseph Orphanage Press
Changanacherry

Printed at

# ഉള്ളടക്കം


ആമുഖം ........ vii

പൊതുനിർദേശങ്ങൾ ........ xiii


## പൊതുക്രമം


റംശാ ........ 1

ദൈവാര ഗീതക്രമം ........ 30

ലെലിയാ ........ 54

സപ്രാ (ഞായറാഴ്ചകളിലും / തിരുനാളുകളിലും) ........ 68

സപ്രാ (സാധാരണദിവസങ്ങളിൽ) ........ 86


## ആരാധനക്രമ കാലമനുസരിച്ചു മാറിവരുന്ന പ്രാർഥനകൾ (പ്രോപ്രിയ)


ശ്ലീഹാക്കാലം ........ 102

കൈത്താക്കാലം ........ 274

ഏലിയാ - സ്ലീവാ - മൂശെക്കാലങ്ങൾ ........ 458

പള്ളിക്കൂദാശക്കാലം ........ 731


## അനുബന്ധം

## തിരുനാളുകൾക്കനുസരിച്ചു മാറിവരുന്ന പ്രാർഥനകൾ


വിശുദ്ധ മറിയം ത്രേസ്യ (ജൂൺ 8) ........ 826

മാർ അപ്രേം മല്പാൻ (ജൂൺ 9) ........ 835

മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ (ജൂലൈ 3) ........ 845

വിശുദ്ധ അൽഫോൻസാ (ജൂലൈ 28) ........ 855

നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം (ആഗസ്റ്റ് 6) ........ 865

പരിശുദ്ധകന്യകാമറിയത്തിന്റെ സ്വർഗാരോപണം (ആഗസ്റ്റ് 15)........ 874

വിശുദ്ധ എവുപ്രാസ്യാ (ആഗസ്റ്റ് 29) ........ 884

പരിശുദ്ധകന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ (സെപ്തംബർ 8). 894

മാർ സ്ലീവായുടെ പുകഴ്ച (സെപ്തംബർ 14) ........ 904

കർത്താവിന്റെ തിരുനാളുകൾ (പൊതുവായിട്ടുള്ളത്) .................... 914
പരിശുദ്ധകന്യകാമറിയത്തിന്റെ തിരുനാൾ (പൊതുവായിട്ടുള്ളത്) .. 922
വിശുദ്ധരുടെ തിരുനാൾ (പൊതുവായിട്ടുള്ളത്) ............................... 930
സങ്കീർത്തനങ്ങൾ ................................................................ 940
ചുരുക്കെഴുത്തുകളും പൂർണരൂപങ്ങളും ............................................ 1169
പദാവലി .................................................................................. 1170
സുറിയാനിപദങ്ങൾ ................................................................. 1171
സുറിയാനിനാമങ്ങൾ ................................................................ 1172

# ആമുഖം

മിശിഹായുടെ മൗതികശരീരമായ തിരുസഭയുടെ ഔദ്യോഗിക പ്രാർഥനയാണു യാമപ്രാർഥനകൾ. ദിവസത്തിന്റെ വിവിധ യാമങ്ങളിൽ പ്രാർഥിച്ച് അവയെ വിശുദ്ധീകരിക്കുന്നതിനു വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും വിശുദ്ധ പാരമ്പര്യത്തിൽനിന്നും തിരുസഭ രൂപപ്പെടുത്തിയിരിക്കുന്ന ദൈവസ്തുതികളുടെ സമാഹാരമാണിത്. സഭ ദിവ്യകാരുണ്യം പരികർമം ചെയ്തുകൊണ്ടു മാത്രമല്ല, പ്രത്യുത നിരവധി മാർഗങ്ങളിലൂടെ, സർവോപരി യാമപ്രാർഥനകൾ ചൊല്ലിക്കൊണ്ട് കർത്താവിനെ ഇടവിടാതെ സ്തുതിക്കുകയും സർവലോകത്തിന്റെയും രക്ഷയ്ക്കായി മാധ്യസ്ഥ്യം വഹിക്കുകയുംചെയ്യുന്നു (SC 83). ദൈവത്തെ നിരന്തരം മഹത്ത്വപ്പെടുത്താനും മനുഷ്യനെ അനുനിമിഷം വിശുദ്ധീകരിക്കാനുമായി തിരുസഭ ക്രമീകരിച്ചിരിക്കുന്ന പ്രാർഥനകളാണിത്.

പുരാതനകാലംമുതലേ യഹൂദർക്ക് വിവിധ യാമങ്ങളിൽ പ്രാർഥനകൾ ഉണ്ടായിരുന്നു. 'നീതിമാനായ ദൈവമേ, ന്യായവിധിയെപ്രതി ദിനം തോറും ഏഴു പ്രാവശ്യം ഞാൻ അങ്ങയെ സ്തുതിക്കുന്നു' (സങ്കീ 118, 164) എന്നു സങ്കീർത്തകൻ ഉദ്ഘോഷിക്കുമ്പോൾ ദിവസംമുഴുവനും ദൈവത്തെ സ്തുതിക്കുന്നു എന്നുതന്നെയാണ് വിവക്ഷിക്കുന്നത്. മിശിഹായിൽനിന്നു (മർക്കോ 1:35, ലൂക്കാ 6:12, മത്താ 14:23) ശ്ലീഹന്മാരിലൂടെ (ശ്ലീഹ 3:1, 10:9, 16:25) ലഭിച്ച പ്രാർഥനാപാരമ്പര്യം പിന്തുടർന്ന സഭ നിശ്ചിതസമയങ്ങളിൽ പ്രാർഥിക്കുന്ന പതിവു സ്വീകരിച്ചു. പില്ക്കാലങ്ങളിൽ പുതിയനിയമസംഭവങ്ങളെ - പരിശുദ്ധാത്മാവിന്റെ ആഗമനം, കർത്താവു കുരിശിൽ ഉയർത്തപ്പെട്ടത്, തിരുമരണം - അടിസ്ഥാനമാക്കി മൂന്ന്, ആറ്, ഒമ്പത് എന്നീ മണിക്കൂറുകളിൽ പ്രാർഥിക്കുന്നതിനു സഭാപിതാക്കന്മാർ പ്രചോദനം നല്കിയിരുന്നു.

## പൗരസ്ത്യസുറിയാനി യാമപ്രാർഥനകളുടെ രൂപീകരണം

സുറിയാനിസഭയിലെ വിശുദ്ധരായ അനേകം പിതാക്കന്മാരുടെ നിരന്തരപ്രാർഥനയുടെയും ധ്യാനത്തിന്റെയും ഫലമായി രൂപപ്പെട്ടതാണു നമ്മുടെ സഭയുടെ യാമപ്രാർഥനകൾ. നിസിബിസിലെ മെത്രാനായിരുന്ന മാർ യാക്കോബ്, മാർ ശിമയോൻ ബർസബാ, മാർ അപ്രേം, മാർ മാറൂത്ത, നിസിബിസിലെ നർസായി, മാർ ബാബായി

തുടങ്ങിയവർ യാമപ്രാർഥനകളുടെ രൂപീകരണത്തിൽ വലിയ സംഭാവനകൾ നല്കിയിട്ടുണ്ട്. യാമപ്രാർഥനകളിലുപയോഗിക്കുന്ന ഗീതങ്ങളിൽ പലതും മാർ അപ്രേം രചിച്ചവയാണ്.

യാമപ്രാർഥനകൾക്ക്, കത്തീഡ്രൽ ദൈവാലയങ്ങളെയും സന്ന്യാസസമൂഹങ്ങളെയും കേന്ദ്രമാക്കി വളർന്നുവന്ന രണ്ടു പാരമ്പര്യങ്ങൾ ഉണ്ടായിരുന്നു. ഇവയുടെ കയ്യെഴുത്തുപ്രതികൾ ശേഖരിച്ച്, ആരാധനാവത്സരത്തിനു യോജിച്ച രീതിയിൽ ഹുദ്രാ (Hudra) ക്രമീകരിച്ചത് ഈശോയാബ് മൂന്നാമൻ പാത്രിയാർക്കീസാണ് (647-657). ഈ പ്രാർഥനകൾ ലാസറിസ്റ്റ് വൈദികനായ പോൾ ബഡ്ജാൻ ചുരുക്കി എഡിറ്റു ചെയ്യുകയും 1886, 1887 വർഷങ്ങളിൽ പ്രൊപ്പഗാന്ത ഫീദേയുടെ നേതൃത്വത്തിൽ ഈ ടെക്സ്റ്റ് മൂന്ന് വാല്യങ്ങളായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

പൗരസ്ത്യസുറിയാനിസഭയിലെ യാമപ്രാർഥനകളുടെ ഉറവിടങ്ങളിൽ ഏഴു യാമങ്ങളിലെ പ്രാർഥനകളാണുള്ളത്. അവ യഥാക്രമം റംശാ, സൂബാആ, ലെലിയാ, ഖാലാ ദ്ശഹറാ, സപ്രാ, ഖൂഥാആ, എന്ദാനാ എന്നിവയാണ്. ഇവയിൽ റംശാ, ലെലിയാ, സപ്രാ എന്നിവയാണ് വിവർത്തനംചെയ്ത് ഈ പ്രാർഥനാപ്പുസ്തകത്തിൽ ചേർത്തിരിക്കുന്നത്.

ആരാധനാദിവസം ആരംഭിക്കുന്നത് സായാഹ്നത്തിലാണ്. ''സന്ധ്യയായി, പ്രഭാതമായി, ഒന്നാം ദിവസം'' (ഉത്പ 1, 5) എന്നുള്ള വിശുദ്ധഗ്രന്ഥഭാഗമാണ് ഇതിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത്. വൈകുന്നേരം ആറിനും ഒമ്പതിനും ഇടയ്ക്കുള്ള സമയത്താണ് റംശാ ചൊല്ലുന്നത്. ലെലിയാ രാത്രിജപമാണ്; അതിനാൽ ഒമ്പതിനും പന്ത്രണ്ടിനും ഇടയ്ക്കുള്ള സമയത്താണ് ലെലിയാ ചൊല്ലുന്നത്. സപ്രാ പ്രഭാതജപമായതിനാൽ പുലർച്ചെ ആറിനും ഒമ്പതിനും ഇടയ്ക്കുള്ള സമയത്താണ് ചൊല്ലുന്നത്.

### സീറോമലബാർസഭയുടെ യാമപ്രാർഥനകൾ : രൂപീകരണചരിത്രം

പോൾ ബഡ്ജാൻ എഡിറ്റുചെയ്ത യാമപ്രാർഥനാപ്പുസ്തകങ്ങൾ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം പുനഃപരിശോധിച്ച ശേഷം 1939-ൽ സീറോമലബാർ, കൽദായ സഭകളുടെ ഉപയോഗത്തിനായി വീണ്ടും പ്രസിദ്ധീകരിച്ചു. 1953-ൽ കേരളം സന്ദർശിച്ച പൗരസ്ത്യസഭാ

കാര്യാലയത്തിന്റെ തലവൻ കർദിനാൾ യൂജിൻ ടിസറാങ് സുറിയാനി യാമപ്രാർഥനാപ്പുസ്തകങ്ങൾ മാതൃഭാഷയിലേക്കു വിവർത്തനം ചെയ്യാൻ നിർദേശിച്ചു. തുടർന്ന് സീറോമലബാർസഭ അതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. 1973-ൽ ചേർന്ന സീറോമലബാർ ബിഷപ്സ് കോൺഫ്രൻസ് സീറോമലബാർസഭയ്ക്കു യാമപ്രാർഥനാപ്പുസ്തക ങ്ങൾ തയ്യാറാക്കുന്നതിനു തീരുമാനമെടുത്തു. അതിനായി രൂപീകരിച്ച ലിറ്റർജിക്കൽ കമ്മറ്റി തയ്യാറാക്കിയ പുസ്തകം 'സീറോമലബാർ സഭയുടെ യാമപ്രാർഥനകൾ' എന്ന പേരിൽ ഒരു വാല്യമായി പ്രസിദ്ധീകരിച്ചത് 1986-ൽ ആണ്.

എന്നാൽ, 1986-നു മുമ്പ് ആരാധനക്രമപരിഷ്കരണത്തിന് നേതൃത്വം വഹിച്ചിരുന്ന മാർ ജോസഫ് പാറേക്കാട്ടിൽ മെത്രാപ്പോലീത്തായുടെ നിർദേശാനുസരണം, ഫാ. ആബേൽ സി.എം.ഐ. സുറിയാനി യാമപ്രാർഥനകളുടെ ചില ഭാഗങ്ങൾ തിരഞ്ഞെടുത്ത് മലയാള ത്തിലേക്കു വിവർത്തനം ചെയ്ത് 'കാനോനനമസ്കാരം' എന്ന പേരിൽ മൂന്നുവാല്യങ്ങളായി പ്രസിദ്ധീകരിച്ചു. മേൽപ്പറഞ്ഞ രണ്ടു പുസ്തകങ്ങളിലും സുറിയാനിമൂലകൃതിയിലുള്ള യാമപ്രാർഥന കളുടെ ഘടന ഒരു പരിധിവരെ നിലനിറുത്തുന്നുണ്ടെങ്കിലും, എല്ലാ ദിവസങ്ങളിലെയും തിരുനാളുകളിലെയും പ്രാർഥനകളും ഗീതങ്ങളും ഉൾക്കൊള്ളിച്ചിരുന്നില്ല. പൗരസ്ത്യസുറിയാനിപാരമ്പര്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ടും ആവശ്യമായ നവീകരണങ്ങൾ വരുത്തിക്കൊണ്ടും പുതിയ യാമപ്രാർഥനാപ്പുസ്തകം തയ്യാറാക്കാൻ സീറോമലബാർ സഭയുടെ മെത്രാൻസിനഡ് 2007-ൽ തീരുമാനിച്ചു.

2014 ആഗസ്റ്റ് മാസത്തിലെ സിനഡ് യാമപ്രാർഥനാപ്പുസ്തക ത്തിന്റെ നവീകരണവുമായി മുന്നോട്ടുപോകാൻ ലിറ്റർജി കമ്മീഷനോടു നിർദേശിച്ചു. കൂടാതെ, യാമപ്രാർഥനാപ്പുസ്തകത്തിന്റെ ആഘോഷ പൂർവകമായ ക്രമത്തിന്റെയും സാധാരണക്രമത്തിന്റെയും ഹ്രസ്വക്രമ ത്തിന്റെയും പൊതുഘടനയും സിനഡ് അംഗീകരിച്ചു നല്കി. മെത്രാന്മാരുടെ ഒരു സ്പെഷ്യൽ കമ്മറ്റിയെ യാമപ്രാർഥനാപ്പുസ്തക ത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ടു സിനഡ് തിരഞ്ഞെടുക്കുകയും ചെയ്തു.

എല്ലാ രൂപതകളിലെയും വൈദികരുടെ പ്രതിനിധികളും സന്ന്യസ്ത, അല്മായ പ്രതിനിധികളും ദൈവശാസ്ത്ര, ആരാധനക്രമ പണ്ഡിതരും ഉൾക്കൊള്ളുന്ന സീറോമലബാർ സെൻട്രൽ ലിറ്റർജിക്കൽ

കമ്മറ്റി യാമപ്രാർഥനാപ്പുസ്തകത്തിന്റെ നവീകരണം സംബന്ധിച്ച്, ചർച്ചചെയ്ത് അഭിപ്രായങ്ങൾ സമർപ്പിക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ, സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി ഒരു സബ്കമ്മറ്റിയെ നിയോഗിച്ചു. സീറോമലബാർ സിനഡ് നിർദേശിച്ചതനുസരിച്ച്, യാമപ്രാർഥനയുടെ സുറിയാനി ഉറവിടവും (Hudra) സുറിയാനി പണ്ഡിതരാൽ തയ്യാറാക്കപ്പെട്ടിരുന്ന അതിന്റെ ഇംഗ്ലീഷ് വിവർത്തനവും അടിസ്ഥാനപ്പെടുത്തി പ്രാർഥനകൾ മലയാളത്തിലേക്കു പരിഭാഷ പ്പെടുത്താൻ സബ്കമ്മറ്റിയോടു നിർദേശിച്ചു. ഈ കമ്മറ്റി യഥാസമയം വിവർത്തനങ്ങൾ സമർപ്പിച്ചു. തുടർന്ന് വിവർത്തനങ്ങളെ ആധാര മാക്കിയും സുറിയാനി ഉറവിടങ്ങൾ പരിശോധിച്ചും പ്രാർഥനകളും ഗീതങ്ങളും രൂപീകരിച്ചു. സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗങ്ങൾ നിരവധി പ്രാവശ്യം സീറോമലബാർസഭയുടെ കാര്യാലയത്തിൽ ഒരുമിച്ചുകൂടി നവീകരിച്ചപ്രാർഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും ആവശ്യമായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തുകയും ഭാഷാശുദ്ധി വരുത്തുകയും ചെയ്തു. സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗീകരിച്ച ഡ്രാഫ്റ്റ് മെത്രാന്മാരുടെ സ്പെഷ്യൽ കമ്മറ്റി നിരവധി പ്രാവശ്യം സമ്മേളിച്ച്, സസൂക്ഷ്മം പരിശോധിച്ച്, ആവശ്യമായ മാറ്റങ്ങൾ നിർദേശിച്ചു. അതിൻപ്രകാരം വീണ്ടും നവീകരിച്ച ഡ്രാഫ്റ്റ് 2021 ജനുവരിയിലെ സിനഡിൽ അവതരിപ്പിച്ചു. സിനഡുപിതാക്കന്മാർ നിർദേശിച്ച തിരുത്തലുകളും ടെക്സ്റ്റിൽ വരുത്തുകയുണ്ടായി.

മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയുടെ അധ്യക്ഷതയിൽ, മെത്രാന്മാരുടെ സ്പെഷ്യൽ കമ്മറ്റി കൂടി യാമപ്രാർഥനാ പ്പുസ്തകം അന്തിമമായി പരിശോധിച്ചു. ഇങ്ങനെ നവീകരിച്ച യാമപ്രാർഥനാപ്പുസ്തകം 2022 ആഗസ്റ്റ് 16 മുതൽ 25 വരെ നടന്ന XXX-ാം സിനഡിന്റെ രണ്ടാം സെഷനിൽ അംഗീകരിച്ചു. വീണ്ടും എന്തെങ്കിലും നിർദേശങ്ങളുണ്ടെങ്കിൽ, അവ 2022 ഒക്ടോബർ 30 നു മുമ്പ് ലിറ്റർജി കമ്മീഷനെ അറിയിക്കാനായി, യാമപ്രാർഥനാപ്പുസ്തക ത്തിന്റെ ആഘോഷപൂർവകമായ രൂപത്തിന്റെയും ഹ്രസ്വക്രമത്തിന്റെയും ഡ്രാഫ്റ്റ് സിനഡിൽ സംബന്ധിച്ച എല്ലാ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും നല്കി. തുടർന്ന് ഡ്രാഫ്റ്റിന്റെ സോഫ്റ്റ് കോപ്പി എല്ലാ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും സന്ന്യാസ

സമൂഹങ്ങളുടെ മേജർ സുപ്പീരിയർമാർക്കും അയച്ചുകൊടുത്തു. അവരിൽനിന്നു ലഭിച്ച നിർദേശങ്ങൾ സ്പെഷ്യൽ കമ്മറ്റി പരിശോധിച്ച ശേഷം ഡ്രാഫ്റ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഇപ്പോൾ പ്രസിദ്ധീകരിക്കുന്നു.

**യാമപ്രാർഥനകളുടെ പൊതുഘടനയും സവിശേഷതകളും**

ആഘോഷപൂർവകമായ ക്രമവും സാധാരണക്രമവും ഉൾക്കൊള്ളുന്ന പ്രാർഥനാപ്പുസ്തകം മാത്രമല്ല, യാത്രാവസരങ്ങളിലുംമറ്റും ഉപയോഗിക്കാനായി യാമപ്രാർഥനകളുടെ ഹ്രസ്വക്രമവും സിനഡ് അംഗീകരിച്ചു നല്കിയിട്ടുണ്ട്. യാമപ്രാർഥനകളിൽ ഉപയോഗിച്ചിരിക്കുന്ന സങ്കീർത്തനങ്ങൾ പ്ശീത്താ(ബൈബിളിന്റെ സുറിയാനിപരിഭാഷ) യിൽനിന്നുള്ള സങ്കീർത്തനങ്ങളുടെ സീറോമലബാർ സിനഡ് അംഗീകരിച്ച മലയാളവിവർത്തനമാണ്. ഗീതങ്ങളിൽ സുറിയാനി ഈണങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഗീതങ്ങളിൽ പരാമർശിക്കുന്ന വിശുദ്ധഗ്രന്ഥഭാഗങ്ങളുടെയും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളുടെയും ഉറവിടങ്ങൾ മിക്കയിടങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്.

കർത്താവിന്റെ ഉത്ഥാനം ആഘോഷിക്കുന്ന ഞായറാഴ്ചകളിലും മറ്റു പ്രധാനതിരുനാളുകളിലും റംശായ്ക്കുള്ള ഓനീസാ ദക്ദ്ക്ദം, ഓനീസാ ദ്വാസർ, ഓനീസാ ദ്റംശാ, ശൂറായാ എന്നീ നാലു ഘടകങ്ങളും ലെലിയായുടെ ഘടകങ്ങളായ ഓനീസാ ദ്ലെലിയാ, ശൂബാഹാ, തെശ്ബൊഹ്ത്താ, കാറോസൂസാ എന്നിവയും എല്ലാ ദിവസങ്ങൾക്കുമുള്ള ഓനീസാ ദ്സപ്രായും പ്രോപ്രിയാഭാഗത്തു നല്കിയിരിക്കുന്നു. പ്രത്യേക തിരുനാളുകളുടെയും ദിവസങ്ങളുടെയും പ്രാർഥനകൾ ഓരോ വാല്യത്തിന്റെയും അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

സാധാരണദിവസങ്ങളിലാകട്ടെ, റംശായ്ക്കുള്ള ഓനീസാ ദക്ദ്ക്ദം, ഓനീസാ ദ്വാസർ എന്നിവ ദ്വൈവാരക്രമമായും ശൂറായാ ഒരാഴ്ചക്രമമായും പൊതുക്രമത്തിലാണു ചേർത്തിരിക്കുന്നത്. ലെലിയായ്ക്കുള്ള ശൂബാഹാ, തെശ്ബൊഹ്ത്താ, കാറോസൂസാ എന്നിവയും സാധാരണ ദിവസങ്ങളിൽ ഒരാഴ്ചക്രമമായി പൊതുക്രമത്തിൽ ചേർത്തിരിക്കുന്നു. സാധാരണദിവസങ്ങളിൽ, ആണ്ടുവട്ടത്തിലെ ഓരോ ദിവസത്തിനും പ്രത്യേകമായുള്ള ഓനീസാ ദ്റംശായും ഓനീസാ ദ്ലെലിയായും ഓനീസാ ദ്സപ്രായും പ്രോപ്രിയാഭാഗത്താണു നല്കിയിരിക്കുന്നത്.

എല്ലാ വിശ്വാസികളുടെയും പ്രാർഥനയായ യാമപ്രാർഥനകൾ സഭയുടെ പ്രത്യേക നിയമമനുസരിച്ച് കത്തീഡ്രലുകളിലും മറ്റു ദൈവാലയങ്ങളിലും എല്ലാദിവസവും, പ്രത്യേകിച്ച് ഞായറാഴ്ച കളിലും കടമുള്ള ദിവസങ്ങളിലും നടത്തണമെന്ന് പൗരസ്ത്യ സഭാനിയമം അനുശാസിക്കുന്നു (CCEO 199). തങ്ങളുടെ സ്വയാധികാര സഭയുടെ പ്രത്യേകനിയമമനുസരിച്ച് വൈദികർ യാമപ്രാർഥനകൾ ചൊല്ലണമെന്ന് പൗരസ്ത്യസഭാനിയമവും (CCEO 377) സീറോമലബാർ സഭയുടെ പ്രത്യേകനിയമവും (PL 43, 47) അനുശാസിക്കുന്നുണ്ട്. സന്ന്യാസസമൂഹങ്ങൾ സമൂഹബലിയിൽ പങ്കെടുക്കുന്നതുകൂടാതെ എല്ലാ ദിവസവും ഒരുമിച്ചുതന്നെ യാമപ്രാർഥനകൾ ചൊല്ലണമെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് നിർദേശിക്കുന്നു (SC 95).

ആരാധനക്രമവത്സരത്തിലെ ഓരോ കാലത്തിന്റെയും ചൈതന്യ ത്തിനനുസൃതമായുള്ള പ്രാർഥനകളും ഗീതങ്ങളുമാണ് നവീകരിച്ച യാമ പ്രാർഥനകളിലുള്ളത്. മംഗളവാർത്തക്കാലംമുതൽ ഉയിർപ്പുകാലംവരെ അവ പ്രധാനമായും മിശിഹാകേന്ദ്രീകൃതവും ശ്ലീഹാക്കാലംമുതൽ പള്ളിക്കൂദാശക്കാലംവരെ കൂടുതൽ സഭാകേന്ദ്രീകൃതവുമാണ്.

സീറോമലബാർസഭയുടെ സമ്പന്നമായ പ്രാർഥനാപൈതൃകം അറിയുന്നതിനും ആഴമായ പ്രാർഥനാനുഭവം കൈവരിക്കുന്നതിനും സഭാമക്കൾക്ക് ഈ യാമപ്രാർഥനാപ്പുസ്തകം സഹായകമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

**✠ ബിഷപ്പ് തോമസ് ഇലവനാൽ**
ചെയർമാൻ
സീറോമലബാർസഭ ആരാധനക്രമകമ്മീഷൻ

നമ്മുടെ കർത്താവിന്റെ
പിറവിത്തിരുനാൾ, 2022

## സീറോമലബാർസഭയുടെ യാമപ്രാർഥനകളെ സംബന്ധിക്കുന്ന പൊതുനിർദേശങ്ങൾ

1. യാമപ്രാർഥനകൾക്കു രണ്ടു ക്രമങ്ങളാണുള്ളത്: ആഘോഷപൂർവകമായ ക്രമവും (Solemn Form), സാധാരണക്രമവും (Simple Form). ആഘോഷഘടകങ്ങളുടെ കൂടുതൽ കുറവാണ് ഈ രൂപഭേദങ്ങൾക്ക് അടിസ്ഥാനം. യാത്രാവസരങ്ങളിലുംമറ്റും ഉപയോഗിക്കാനായി യാമപ്രാർഥനകളുടെ ഹ്രസ്വമായ ക്രമവും ഉണ്ട്.

2. ആഘോഷപൂർവകമായ യാമപ്രാർഥനകളിൽ ഗാനാത്മകതയും ധൂപാർപ്പണവും നിർബന്ധമാണ്. ഇവ സാധാരണദിവസങ്ങളിലും അഭിലഷണീയമാണ്.

3. ഞായറാഴ്ചകളിലും തിരുനാളുകളിലും യാമപ്രാർഥനകൾ സാഘോഷം ചൊല്ലുന്നു. തദവസരത്തിൽ കാർമികൻ കൊത്തീന, സൂനാറ, ഊറാറ, സന്ദേ, പൈന എന്നിവയും മ്ശംശാനാമാർ കൊത്തീന, സൂനാറ, ഊറാറ എന്നിവയും ധരിച്ച് ധൂപക്കുറ്റി, സ്ലീവ, കത്തിച്ച തിരികൾ എന്നിവയോടുകൂടി മദ്ബഹയിൽനിന്ന് പ്രദക്ഷിണമായി വചനവേദിയിലേക്കു വരുന്നു. ഓനീസാ ദ്റംശായുടെ സമയത്ത് ബലിപീഠത്തിങ്കലേക്കു പ്രദക്ഷിണം നടത്തുന്നുണ്ടെങ്കിൽ പ്രാരംഭപ്രദക്ഷിണത്തിനു ബലിപീഠത്തിലെ സ്ലീവായാണു സംവഹിക്കുന്നത്.

4. യാമപ്രാർഥനകളുടെ സമയത്ത് വചനവേദിയിൽ സ്ലീവായുടെ ഇരുവശങ്ങളിലുമായി തിരികൾ കത്തിച്ചുവച്ചിരിക്കണം.

5. സമാധാനം (കൈക്കസ്തൂരി) കൊടുത്തുകൊണ്ടാണ് റംശായും ലെലിയായും ആരംഭിക്കുന്നത്. കാർമികൻ മദ്ബഹായിലേക്കു തിരിഞ്ഞ് ആചാരംചെയ്തശേഷം മ്ശംശാനാമാർക്കു സമാധാനം നല്കുന്നു. മ്ശംശാനാമാർ അതു സ്വീകരിച്ച് ദൈവാലയത്തിലുള്ളവർക്കു കൊടുക്കുന്നു. റംശായുടെയും സപ്രായുടെയും അവസാനത്തിലും കാർമികൻ സമാധാനം നല്കുന്നു. ലെലിയായുടെ തുടർച്ചയായി സപ്രായെ കാണുന്നതിനാൽ ലെലിയായുടെ അവസാനത്തിലും സപ്രായുടെ ആരംഭത്തിലും സമാധാനം നല്കുന്നില്ല.

6. സ്ലോസാകളുടെ സമയത്തു കാർമികൻ എഴുന്നേറ്റു നില്ക്കുന്നു. ഈ സമയം സമൂഹവും എഴുന്നേറ്റുനില്ക്കുന്നതാണ് ഉചിതം.

## റംശാ

7. റംശായുടെ ആരംഭംമുതൽ സങ്കീർത്തനത്തിന്റെ ആദ്യപാദംവരെ എല്ലാവരും എഴുന്നേറ്റുനില്ക്കുന്നു. സങ്കീർത്തനത്തിന്റെ ആദ്യപാദം മ്ശംശാനാ മൂന്നു ഹല്ലേലുയ്യായോടുകൂടെ ചൊല്ലുന്നു. ഒന്നാം ഗണം ആ പാദം ആവർത്തിക്കുന്നു. തുടർന്ന് എല്ലാവരും ഇരുന്നുകൊണ്ട് രണ്ടു ഗണമായി ചൊല്ലുകയും, എഴുന്നേറ്റുനിന്നുകൊണ്ട് ത്രിത്വസ്തുതിയോടുകൂടെ സങ്കീർത്തനം അവസാനിപ്പിക്കുകയും ചെയ്യുന്നു. സങ്കീർത്തനത്തിന്റെ അവസാനത്തിൽ മ്ശംശാനാ 'ഹല്ലേലുയ്യാ' മൂന്നു പ്രാവശ്യം ചൊല്ലിയശേഷം 'നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ' എന്ന് ഉദ്ഘോഷിക്കുന്നു. ദിവസത്തിന്റെ സങ്കീർത്തനം ഏതെന്നു മനസ്സിലാക്കാൻ അതതു ദിവസത്തിന്റെ പ്രോപ്രിയായുടെ പ്രാരംഭം നോക്കിയാൽ മതിയാകും.

8. കാർമികൻ പുരോഹിതനെങ്കിൽ കുർബാനയിലെന്നതുപോലെ ധൂപാർപ്പണഗീതത്തിനുമുമ്പ് ധൂപകലശത്തിൽ കുന്തുരുക്കമിട്ട് പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു. ഞായറാഴ്ചകളിലും തിരുനാളുകളിലും ധൂപാർപ്പണത്തിന്റെ സ്ലോസാ ചൊല്ലുകയും തുടർന്നു സമൂഹം രണ്ടു ഗണമായി ധൂപാർപ്പണഗീതം ആലപിക്കുകയും ചെയ്യുന്നു. ധൂപാർപ്പണഗീതം ആരംഭിക്കുമ്പോൾ മദ്ബഹയുടെ വിരി തുറക്കുകയും ദീപം തെളിക്കുകയും ചെയ്യുന്നു. മ്ശംശാനാ മദ്ബഹയിൽ പ്രവേശിച്ച്, വലത്തുവശത്തു നിന്നാരംഭിച്ച്, മദ്ബഹ ധൂപിക്കുന്നു. തുടർന്ന് ദൈവാലയത്തിന്റെ പ്രധാനകവാടംവരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമാണ്.

9. ആഘോഷപൂർവകമായ ക്രമത്തിൽ, 'സർവാധിപനാം ...' എന്ന ഗീതം ആരംഭിക്കുമ്പോൾ മ്ശംശാനാമാരിൽ ഒരാൾ മദ്ബഹയിലെ വിളക്കിൽനിന്നു കത്തിച്ചുകൊണ്ടുവരുന്ന തിരി കാർമികൻ സ്വീകരിച്ചു നിലവിളക്കു തെളിക്കുന്നത് അർഥപൂർണമാണ്.

10. സാധാരണ ദിവസങ്ങളിൽ 'സർവാധിപനാം ...' എന്ന ഗീതത്തിന്റെ സമയത്താണ് വിരി തുറക്കുകയും മദ്ബഹയിലെ ദീപം തെളിക്കുകയും ചെയ്യുന്നത്; ധൂപാർപ്പണം നടത്തുന്നതും ഉചിതമാണ്.

11. 'സർവാധിപനാം ...' എന്ന ഗീതത്തിനുശേഷമുള്ള സ്ലോസായെ ത്തുടർന്ന് ഓനീസാ ദക്ദം ആലപിക്കുന്നു. ഓനീസായുടെ

ആരംഭത്തിലുള്ള വിശുദ്ധഗ്രന്ഥവാക്യം ആലപിച്ചശേഷം എല്ലാവരും ഇരിക്കുന്നു. ഞായറാഴ്ചകളിലും തിരുനാളുകളിലും ഓനീസാ ദക്ക്ദം പ്രോപ്രിയായിൽനിന്ന് ആലപിക്കുന്നു. തിങ്കൾമുതൽ ശനിവരെയുള്ള സാധാരണദിവസങ്ങളിൽ ആലപിക്കേണ്ട ഗീതത്തിന്റെ പേജു നമ്പർ പൊതുക്രമത്തിൽ യഥാസ്ഥാനത്തു നല്കിയിട്ടുണ്ട്. ഓരോ കാലത്തിലെയും 1, 3, 5, 7, 9, 11 ആഴ്ചകളിൽ ദൈവാര ഗീതക്രമം ഒന്നാം ഗണത്തിലെയും 2, 4, 6, 8, 10, 12 ആഴ്ചകളിൽ ദൈവാര ഗീതക്രമം രണ്ടാം ഗണത്തിലെയും ഓനീസാ ദക്ക്ദം ആലപിക്കുന്നു.

12. സായാഹ്നസങ്കീർത്തനങ്ങളെ (സങ്കീ 140, 141, 118/14, 116) തുടർന്നുള്ള സ്ലോസായ്ക്കുശേഷം ഓനീസാ ദ്‌വാസർ ആലപിക്കുന്നു. ഓനീസായുടെ ആരംഭത്തിലുള്ള വിശുദ്ധഗ്രന്ഥവാക്യം ആലപിച്ച ശേഷം എല്ലാവരും ഇരിക്കുന്നു. ഞായറാഴ്ചകളിലും തിരുനാളുകളിലും ഓനീസാ ദ്‌വാസർ പ്രോപ്രിയായിൽനിന്ന് ആലപിക്കുന്നു. തിങ്കൾമുതൽ ശനിവരെയുള്ള സാധാരണദിവസങ്ങളിൽ ആലപിക്കേണ്ട ഗീതത്തിന്റെ പേജ് നമ്പർ പൊതുക്രമത്തിൽ യഥാസ്ഥാനത്തു നല്കിയിട്ടുണ്ട്. ഓരോ കാലത്തിലെയും 1, 3, 5, 7, 9, 11 ആഴ്ചകളിൽ ദൈവാര ഗീതക്രമം ഒന്നാം ഗണത്തിലെ ഓനീസാ ദ്‌വാസറും 2, 4, 6, 8, 10, 12 ആഴ്ചകളിൽ ദൈവാര ഗീതക്രമം രണ്ടാം ഗണത്തിലെ ഓനീസാ ദ്‌വാസറും ആലപിക്കുന്നു. ഓനീസാ ദ്‌വാസറിനുശേഷം എല്ലാവരും എഴുന്നേല്ക്കുന്നു.

13. കാർമികൻ പുരോഹിതനെങ്കിൽ ഞായറാഴ്ചകളിലും തിരുനാളുകളിലും സുവിശേഷപ്രദക്ഷിണം നടത്താവുന്നതാണ്. സമൂഹം കുർബാനയിലെ ഹല്ലേലുയ്യാഗീതം ആലപിക്കുകയും മ്ശംശാനാ സുവിശേഷപ്രഘോഷണത്തിനുമുമ്പുള്ള ആഹ്വാനംനടത്തുകയും ചെയ്യുന്നു. തുടർന്നു കാർമികൻ സുവിശേഷഗ്രന്ഥംകൊണ്ട് ആശീർവദിക്കുകയും ദിവസത്തിന്റെ സുവിശേഷം പ്രഘോഷിക്കുകയും ചെയ്യുന്നു.

14. മൂന്നു ഗണം കാറോസൂസാകളാണ് റംശാക്രമത്തിലുള്ളത്. ഇതിൽ ഒന്നും മൂന്നും ഗണം കാറോസൂസാകൾ എല്ലാ അവസരങ്ങളിലും ചൊല്ലുന്നു. തത്സമയം എല്ലാവരും എഴുന്നേറ്റുനില്ക്കുന്നു. രണ്ടാം ഗണം കാറോസൂസാ വലിയനോമ്പുകാലത്തു കൂട്ടിച്ചേർക്കുന്നു.

15. ഞായറാഴ്ചകളിലും പ്രധാനതിരുനാളുകളിലും ആലപിക്കുന്ന ഓനീസാ ദ്റംശാ പരമ്പരാഗതമായി ഓനീസാ ദ്വാസാലിക്കേ അഥവാ 'രാജകീയഗീതം' എന്നാണ് അറിയപ്പെടുന്നത്. കാർമികൻ പുരോഹിതനെങ്കിൽ ഞായറാഴ്ചകളിലും പ്രധാനതിരുനാളുകളിലും ഓനീസാ ദ്റംശായുടെ സമയത്ത് സ്ലീവ വഹിച്ചുകൊണ്ട് ബേമ്മയിൽനിന്നു മദ്ബഹയിലേക്കു പ്രദക്ഷിണം നടത്താവുന്നതാണ്. ഉയിർപ്പുകാലത്ത് ബേമ്മയിൽനിന്നു പ്രധാന കവാടംവരെ സ്ലീവ സംവഹിച്ചു കൊണ്ടുപോയശേഷമാണ് തിരിച്ച് ബലിപീഠത്തിൽ സ്ഥാപിക്കുന്നത്. ഓനീസാ ദ്റംശായുടെ സമയത്ത് പ്രദക്ഷിണമുള്ളപ്പോൾ സമൂഹം എഴുന്നേറ്റുനില്ക്കുന്നു. ഓനീസാ ദ്റംശായ്ക്കുമുമ്പ് ബേമ്മയിൽവച്ച് ധൂപം ആശീർവദിക്കുന്നു. തത്സമയം ദിവസത്തിന്റെ ഓനീസാ ദ്റംശാ ആലപിച്ചുതുടങ്ങുന്നു. സ്ലീവ ബലിപീഠത്തിൽ സ്ഥാപിച്ചശേഷം കാർമികൻ ധൂപിക്കുന്നു. തുടർന്ന് ബേമ്മയിൽവന്നു ദിവസത്തിന്റെ സ്ലോസാ ചൊല്ലുന്നു. ഓനീസാ ദ്റംശായെ തുടർന്നുള്ള സ്ലോസായും ശൂറായാ / ആസ്വാസായും ഞായറാഴ്ചകളിലും തിരുനാളുകളിലും പ്രോപ്രിയായിൽനിന്നു ചൊല്ലുന്നു. മറ്റു ദിവസങ്ങളിൽ സ്ലോസായും ശൂറായാ / ആസ്വാസായും പൊതുക്രമത്തിൽനിന്നു ചൊല്ലുന്നു.

16. ഒന്നിൽ കൂടുതൽ പുരോഹിതരുള്ളപ്പോൾ സമാപനപ്രാർഥനകളിലെ ആദ്യത്തേതും ('അങ്ങയുടെ കൃപയുടെ വാതില്ക്കൽ ...') ദ്ഉദ്റാനായും ('ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മഹത്ത്വമേറിയ ...') ഹൂത്താമ്മയും ഒഴികെയുള്ളവ മാറിമാറി ചൊല്ലാവുന്നതാണ്. സമാപനപ്രാർഥനകളുടെ ആരംഭംമുതൽ ഹൂത്താമ്മവരെ എല്ലാവരും എഴുന്നേറ്റുനില്ക്കുന്നു.

17. കാർമികൻ പുരോഹിതനെങ്കിൽ സമാപനപ്രാർഥന ജനാഭിമുഖമായി നിന്നു ചൊല്ലി സമൂഹത്തെ ആശീർവദിക്കുന്നു.

18. റംശായുടെ അവസാനത്തിൽ സമാധാനം (കൈക്കസ്തൂരി) നല്കുന്നു.

19. റംശായെത്തുടർന്ന് കുർബാനയുണ്ടെങ്കിൽ റംശായിലെ ധൂപാർപ്പണവും അതിന്റെ സ്ലോസായും ഗീതവും ഉപേക്ഷിക്കാവുന്നതാണ്. അതുപോലെ, 'സകലത്തിന്റെയും നാഥാ ...'യും അതിനു ശേഷമുള്ള സ്ലോസായും 'പരിശുദ്ധനായ ദൈവമേ ...'യും

തുടർന്നുള്ള സ്ലോസായും സുവിശേഷപ്രഘോഷണവും കാറോസൂസായും കൈവയ്പുപ്രാർഥനയും ഉപേക്ഷിക്കാം. ഓനീസാ ദ്റംശാമുതൽ ഹൂത്താമ്മവരെയുള്ള പ്രാർഥനകൾ ചൊല്ലി റംശാ അവസാനിപ്പിക്കുന്നു. തുടർന്ന് 'അന്നാപ്പെസഹാ ...' യോടെ വിശുദ്ധ കുർബാന ആരംഭിക്കുന്നു.

## ലെലിയാ

20. ലെലിയാ ആരംഭിക്കുന്നതു സമാധാനം (കൈക്കസ്തൂരി) കൊടുത്തു കൊണ്ടാണ്. ലെലിയായുടെ ആരംഭംമുതൽ മർമീസായുടെ ആദ്യപാദംവരെ എല്ലാവരും എഴുന്നേറ്റുനില്ക്കുന്നു.

21. മർമീസായുടെ ആദ്യപാദം മ്ശംശാനാ മൂന്നു ഹല്ലേലുയ്യായോടു കൂടെ ആരംഭിക്കുകയും ഒന്നാം ഗണം ആ പാദംതന്നെ ആവർത്തി ക്കുകയും ചെയ്യുന്നു. തുടർന്ന് എല്ലാവരും ഇരുന്നുകൊണ്ട് രണ്ടു ഗണമായി ചൊല്ലുകയും, എഴുന്നേറ്റുനിന്നുകൊണ്ട് ത്രിത്വസ്തുതി യോടുകൂടെ മർമീസാ അവസാനിപ്പിക്കുകയും ചെയ്യുന്നു. മർമീസാ യുടെ അവസാനത്തിൽ മ്ശംശാനാ 'ഹല്ലേലുയ്യാ' മൂന്നു പ്രാവശ്യം ചൊല്ലിയശേഷം 'നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ' എന്ന് ഉദ്ഘോഷിക്കുന്നു. ദിവസത്തിന്റെ മർമീസാ ഏതെന്നു മനസ്സിലാക്കാൻ അതതു ദിവസത്തിന്റെ പ്രോപ്രിയായുടെ പ്രാരംഭം നോക്കിയാൽ മതിയാകും.

22. നോമ്പുകാലത്ത് മർമീസായുടെ ആദ്യപാദത്തിനുശേഷം മ്ശംശാനാ ഹല്ലേലുയ്യായ്ക്കു പകരം കാനോനാ ചൊല്ലുന്നു. ഒന്നാം ഗണം ആദ്യപാദം ആവർത്തിക്കുന്നു. തുടർന്ന് എല്ലാവരും ഇരുന്നുകൊണ്ട് രണ്ടാം പാദംമുതൽ, തുടർന്നുവരുന്ന എല്ലാ കാനോനകളും ഉൾപ്പെടെ, രണ്ടു ഗണമായി ചൊല്ലുകയും എഴുന്നേറ്റുനിന്നുകൊണ്ട് ത്രിത്വസ്തുതിയോടുകൂടെ മർമീസാ പൂർത്തിയാക്കുകയും ചെയ്യുന്നു. മർമീസായുടെ അവസാനത്തിൽ മ്ശംശാനാ 'നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ' എന്ന് ഉദ്ഘോഷിക്കുന്നു.

23. അതതു ദിവസത്തിന്റെ ഓനീസാ ദ്ലെലിയാ പ്രോപ്രിയാഭാഗത്തു നല്കിയിരിക്കുന്നു. ഓനീസാ ദ്ലെലിയായുടെ സമയത്ത് എല്ലാവരും ഇരിക്കുന്നു. ഓനീസാ ദ്ലെലിയായ്ക്കുശേഷം പൊതുവായ ഗീതം ('കരുണാനിധിയാം കർത്താവേ, ...') ആലപിക്കുകയും സ്ലോസാ

ചൊല്ലുകയും ചെയ്യുന്നു. ഞായറാഴ്ചകൾക്കും തിരുനാളുകൾക്കുമുള്ള ശൂബാഹാ, തെശ്ബൊഹ്ത്താ, കാറോസൂസാ എന്നിവ പ്രോപ്രിയായിൽ നല്കിയിരിക്കുന്നു. മറ്റു ദിവസങ്ങളിൽ പൊതുക്രമത്തിൽനിന്നു ചൊല്ലുന്നു.

24. തെശ്ബൊഹ്ത്തായ്ക്കുശേഷം ദിവസത്തിന്റെ ലേഖനം (എങ്കർത്താ) പ്രഘോഷിക്കുന്നു. തുടർന്നുള്ള കാറോസൂസായുടെ സമയംമുതൽ എല്ലാവരും എഴുന്നേറ്റുനില്ക്കുന്നു.

25. ലെലിയായുടെ സമാപനത്തിൽ സമാധാനം (കൈക്കസ്തൂരി) കൊടുക്കുന്നില്ല.

## സപ്രാ

## ഞായറാഴ്ചകളിലും തിരുനാളുകളിലും

26. സപ്രായുടെ ആരംഭത്തിൽ സമാധാനം (കൈക്കസ്തൂരി) കൊടുക്കുന്നില്ല.

27. 'നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ' എന്ന മ്ശംശാനായുടെ ആഹ്വാനത്തോടെയാണ് സപ്രാ ഔദ്യോഗികമായി ആരംഭിക്കുന്നത്.

28. മ്ശംശാനായുടെ ഈ ആഹ്വാനത്തിനുമുമ്പ് 'പുലരിയിൽ നിദ്രയുണർന്നങ്ങേ ...' എന്ന ഗീതം ആലപിക്കാവുന്നതാണ്; ഈ ഗീതം ആലപിക്കുന്നുവെങ്കിൽ 'പുലരിപ്രഭയിൽ കർത്താവേ, ...' എന്ന ഗീതം ഉപേക്ഷിക്കാവുന്നതാണ്.

29. സങ്കീർത്തനങ്ങളുടെ ആദ്യപാദം മ്ശംശാനാ കാനോനായോടുകൂടെ ചൊല്ലുന്നു. തുടർന്ന് എല്ലാവരും ഇരുന്നുകൊണ്ട് രണ്ടു ഗണമായി ചൊല്ലി ത്രിത്വസ്തുതിയോടുകൂടെ അവസാനിപ്പിക്കുന്നു.

30. സപ്രായെത്തുടർന്ന് വിശുദ്ധ കുർബാനയില്ലെങ്കിൽ ഓനീസാ ദ്സപ്രായ്ക്കുമുമ്പ് മദ്ബഹയുടെ വിരി മാറ്റുകയും മദ്ബഹയിലെ തിരികൾ കത്തിക്കുകയും ധൂപാർപ്പണം നടത്തുകയും ചെയ്യുന്നു. തത്സമയം എല്ലാവരും എഴുന്നേറ്റുനില്ക്കുന്നു.

31. അതതു ദിവസത്തിന്റെ ഓനീസാ ദ്സപ്രാ പ്രോപ്രിയായിൽ നല്കിയിരിക്കുന്നു.

32. തെശ്ബൊഹ്ത്താകൾ നിശ്ചിതദിവസങ്ങൾക്കായി നിർദേശിക്കപ്പെട്ടിരിക്കുന്നുവെങ്കിലും മറ്റവസരങ്ങളിലും ആലപിക്കാവുന്നതാണ്.

33. സമാപനപ്രാർഥനകളുടെ ആരംഭംമുതൽ ഹൂത്താമ്മവരെ എല്ലാവരും എഴുന്നേറ്റുനില്ക്കുന്നു.

34. കാർമികൻ പുരോഹിതനെങ്കിൽ സമാപനപ്രാർഥന ജനാഭിമുഖമായി നിന്നു ചൊല്ലി സമൂഹത്തെ ആശീർവദിക്കുന്നു.

35. സപ്രായുടെ അവസാനത്തിൽ സമാധാനം (കൈക്കസ്തൂരി) നല്കുന്നു.

## സപ്രാ
## സാധാരണദിവസങ്ങളിൽ

36. സപ്രായുടെ ആരംഭത്തിൽ സമാധാനം (കൈക്കസ്തൂരി) കൊടുക്കുന്നില്ല.

37. 'നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ' എന്ന മ്ശംശാനായുടെ ആഹ്വാനത്തോടെയാണ് സപ്രാ ഔദ്യോഗികമായി ആരംഭിക്കുന്നത്.

38. മ്ശംശാനായുടെ ഈ ആഹ്വാനത്തിനുമുമ്പ് 'പുലരിയിൽ നിദ്രയുണർന്നങ്ങേ ...' എന്ന ഗീതം ആലപിക്കാവുന്നതാണ്; ഈ ഗീതം ആലപിക്കുന്നുവെങ്കിൽ 'പുലരിപ്രഭയിൽ കർത്താവേ, ...' എന്ന ഗീതം ഉപേക്ഷിക്കാവുന്നതാണ്.

39. സങ്കീർത്തനങ്ങളുടെ ആദ്യപാദം മ്ശംശാനാ കാനോനയോടുകൂടെ ചൊല്ലുന്നു. തുടർന്ന് എല്ലാവരും ഇരുന്നുകൊണ്ട് രണ്ടു ഗണമായി ചൊല്ലി ത്രിത്വസ്തുതിയോടുകൂടെ അവസാനിപ്പിക്കുന്നു.

40. സപ്രായെത്തുടർന്ന് വിശുദ്ധ കുർബാനയില്ലെങ്കിൽ 'സകലത്തിന്റെയും നാഥാ ...' യ്ക്കു മുമ്പുള്ള സ്ലോസായും 'സകലത്തിന്റെയും നാഥാ ...' യും ചൊല്ലുന്നു. ഈ സമയത്ത് മദ്ബഹയുടെ വിരിമാറ്റുകയും മദ്ബഹയിലെ തിരികൾ കത്തിക്കുകയും ധൂപാർപ്പണം നടത്തുകയും ചെയ്യുന്നു. തത്സമയം എല്ലാവരും എഴുന്നേറ്റുനില്ക്കുന്നു.

41. സപ്രായെത്തുടർന്ന് വിശുദ്ധ കുർബാനയുണ്ടെങ്കിൽ 'സകല ത്തിന്റെയും നാഥാ ...'യും തുടർന്നുള്ള സ്ലോസായും ഉപേക്ഷി ക്കാവുന്നതാണ്.

42. 51-ാം സങ്കീർത്തനത്തിനുശേഷം തെശ്ബൊഹ്ത്താ ആലപിക്കുകയും തുടർന്നുള്ള സ്ലോസാ ചൊല്ലുകയും ചെയ്യുന്നു.

43. സപ്രായെത്തുടർന്ന് വിശുദ്ധ കുർബാനയുണ്ടെങ്കിൽ 'പരിശുദ്ധനായ ദൈവമേ ...'യും തുടർന്നുള്ള സ്ലോസായും ഉപേക്ഷിക്കാവുന്നതാണ്.

44. അതതു ദിവസത്തിന്റെ ഓനീസാ ദ്സപ്രാ പ്രോപ്രിയായിൽ നല്കിയിരിക്കുന്നു. തുടർന്ന് 'പുലരിപ്രഭയിൽ കർത്താവേ, ...' (ബ്മദ്നാഹൈ സപ്രാ) ആലപിക്കുന്നു.

45. സമാപനപ്രാർഥനകളുടെ ആരംഭംമുതൽ ഹൂത്താമ്മവരെ എല്ലാവരും എഴുന്നേറ്റുനില്ക്കുന്നു.

46. കാർമികൻ പുരോഹിതനെങ്കിൽ സമാപനപ്രാർഥന ജനാഭിമുഖമായി നിന്നു ചൊല്ലി സമൂഹത്തെ ആശീർവദിക്കുന്നു.

47. സപ്രായുടെ അവസാനത്തിൽ സമാധാനം (കൈക്കസ്തൂരി) നല്കുന്നു.

# സപ്രാ

## (ഞായറാഴ്ചകളിലും തിരുനാളുകളിലും)

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമി** : ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പ്രകാശം ഞങ്ങളിൽ വീശുകയും അങ്ങയുടെ ആഗമനത്താൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും ചെയ്യണമേ. അങ്ങയുടെ ദിവ്യരഹസ്യത്തിൽ ഞങ്ങളെ പങ്കാളികളാക്കണമേ. മാലാഖമാരുടെ ഗണങ്ങളോടൊത്ത് അങ്ങയുടെ ആരാധ്യമായ ത്രിത്വത്തെ കൃതജ്ഞതാപൂർവം പാടിപ്പുകഴ്ത്താൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്മേലും അധികാരമുള്ള സ്രഷ്ടാവും സൃഷ്ടികളുടെ സേവനം ആവശ്യമില്ലാത്തവനും തന്റെ ജ്ഞാനത്തിൽ ഭൗമികർക്കും മാലാഖമാർക്കും അപ്രാപ്യനും സകലത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ** : ആമ്മേൻ.

**മ്ശം** : (സങ്കീ 100) ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ;
(കാനോന) പ്രകാശദാതാവായ കർത്താവേ,
നിനക്കു ഞങ്ങൾ സ്തുതി സമർപ്പിക്കുന്നു.

**സമൂ** : ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ;
സന്തോഷപൂർവം അവിടത്തെ ശുശ്രൂഷിക്കുവിൻ.

കീർത്തനങ്ങൾ പാടിക്കൊണ്ട്
അവിടത്തെ തിരുമുമ്പിൽ പ്രവേശിക്കുവിൻ.

നമ്മുടെ ദൈവമായ കർത്താവ്
അവിടന്നാണെന്നു നിങ്ങൾ അറിയുവിൻ.

നാമല്ല, അവിടന്നാണു നമ്മെ സൃഷ്ടിച്ചത്;
നാം അവിടത്തെ ജനവും
മേച്ചിൽസ്ഥലത്തെ അജഗണവുമാകുന്നു.

സ്തോത്രങ്ങൾ പാടിക്കൊണ്ട്
അവിടത്തെ വാതിലുകൾ കടക്കുവിൻ.

കീർത്തനങ്ങളാലപിച്ചുകൊണ്ട്
അങ്കണത്തിലേക്കു പ്രവേശിക്കുവിൻ.

നിങ്ങൾ അവിടത്തെ സ്തുതിക്കുവിൻ;
അവിടത്തെ നാമം വാഴ്ത്തുവിൻ.

കർത്താവു നല്ലവനാകുന്നു;
അവിടത്തെ കൃപയും വിശ്വസ്തതയും
എന്നേക്കും നിലനില്ക്കും.
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**മ്ശം :** ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ;
(കാനോന) പ്രകാശദാതാവായ കർത്താവേ,
നിനക്കു ഞങ്ങൾ സ്തുതി സമർപ്പിക്കുന്നു.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമി :** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഞങ്ങൾ അങ്ങേക്കു സ്തുതിയും സ്തോത്രവുമർപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവും സകലർക്കും പ്രകാശം നല്കുന്നവനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ :** ആമ്മേൻ.

**മ്ശം :** (സങ്കീ 91) അത്യുന്നതന്റെ സംരക്ഷണമുള്ളവനും
ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും
ഭാഗ്യവാനാകുന്നു.
(കാനോന) ഞങ്ങളുടെ രക്ഷകനായ മിശിഹായേ,
നിന്നിലുള്ള പ്രത്യാശ സ്തുത്യർഹമാകുന്നു.

**സമൂ :** അത്യുന്നതന്റെ സംരക്ഷണമുള്ളവനും
ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും
ഭാഗ്യവാനാകുന്നു.

എന്റെ ശരണവും സങ്കേതവും
ഞാൻ ആശ്രയിക്കുന്ന ദൈവവും
അങ്ങാകുന്നുവെന്നു കർത്താവിനോടു പറയുക.

ഇടർച്ചയുടെ കെണിയിൽനിന്നും
വ്യർഥമായ സംഭാഷണത്തിൽനിന്നും
അവിടന്നു നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾകൊണ്ട്
അവിടന്നു നിന്നെ ആവരണം ചെയ്യും.

തന്റെ ചിറകുകളുടെ കീഴിൽ
അവിടന്നു നിനക്ക് അഭയം നല്കും.

അവിടത്തെ സത്യം
നിന്റെ ചുറ്റും ആയുധമായിരിക്കും.

രാത്രിയുടെ ഭീകരതയും
പകൽ പറക്കുന്ന അസ്ത്രവും
നീ ഭയപ്പെടേണ്ട.

ഇരുട്ടിൽ മുഴങ്ങുന്ന ശബ്ദവും
മധ്യാഹ്നത്തിലടിക്കുന്ന കൊടുങ്കാറ്റും
നീ ഒട്ടും പേടിക്കേണ്ട.

ആയിരങ്ങൾ നിന്റെ പാർശ്വഭാഗത്തു വീഴും;
പതിനായിരങ്ങൾ നിന്റെ വലത്തുഭാഗത്തും;
എങ്കിലും അവരാരും നിന്നെ സമീപിക്കുകയില്ല.

നീ അവരെയെല്ലാം കാണും;
ദുഷ്ടർക്കുള്ള പ്രതിഫലം നീ ദർശിക്കും.

നിന്റെ സങ്കേതം കർത്താവാകുന്നു;
അത്യുന്നതൻ നിന്റെ കോട്ടയാകുന്നു.

നിനക്കു തിന്മയൊന്നും വരുകയില്ല;
ബാധ നിന്റെ കൂടാരത്തെ സമീപിക്കുകയില്ല.

വഴികളിൽ നിന്നെ സംരക്ഷിക്കാൻ
അവിടന്നു തന്റെ മാലാഖമാരോടു കല്പിക്കും.

നിന്റെ പാദം കല്ലിന്മേൽ തട്ടാതെ
കരങ്ങളിൽ നിന്നെ അവർ വഹിച്ചുകൊള്ളും.

സർപ്പത്തിന്റെയും അണലിയുടെയുംമേൽ
നീ ചവിട്ടിനടക്കും.

സിംഹത്തെയും പെരുമ്പാമ്പിനെയും
നീ ചവിട്ടിമെതിക്കും.

എന്നോടു പ്രാർഥിച്ചതുകൊണ്ട്
ഞാൻ അവനെ രക്ഷിക്കും.

എന്റെ നാമം അറിഞ്ഞതുകൊണ്ട്
ഞാൻ അവനെ ശക്തിപ്പെടുത്തും.

എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ
ഞാൻ അവന് ഉത്തരമരുളും.

അവന്റെ സങ്കടകാലങ്ങളിലെല്ലാം
ഞാൻ അവന്റെ കൂടെയുണ്ടായിരിക്കും.
ശക്തിയും ബഹുമാനവും അവനു ഞാൻ നല്കും;
ദീർഘായുസ്സു നല്കി അവനെ ഞാൻ തൃപ്തനാക്കും.

രക്ഷിക്കാനുള്ള എന്റെ കഴിവ്
അവനെ കാണിക്കുകയും ചെയ്യും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**മ്ശം** : അത്യുന്നതന്റെ സംരക്ഷണമുള്ളവനും
ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും
ഭാഗ്യവാനാകുന്നു.
(കാനോന) ഞങ്ങളുടെ രക്ഷകനായ മിശിഹായേ,
നിന്നിലുള്ള പ്രത്യാശ സ്തുത്യർഹമാകുന്നു.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമി** : ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, മനുഷ്യവർഗത്തിന്റെ സ്രഷ്ടാവും പരിപാലകനുമായ അങ്ങു ഞങ്ങളുടെ സങ്കേതവും ആശ്രയവുമാകുന്നു. അങ്ങിൽ അഭയം തേടുകയും അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നവർ ഒരിക്കലും നിരാശരാവുകയില്ല. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ** : ആമ്മേൻ.

**മ്ശം** : (സങ്കീ 104) എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക;
(കാനോന) ദൈവമേ, സ്തുതി അങ്ങേക്കു യോജ്യമാകുന്നു.

**സമൂ** : എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക;
എന്റെ ദൈവമായ കർത്താവേ,
അങ്ങ് ഏറ്റവും വലിയവനാകുന്നു.

മഹത്ത്വവും തേജസ്സും അങ്ങു ധരിച്ചിരിക്കുന്നു;
പ്രകാശം മേലങ്കിയായി അണിഞ്ഞിരിക്കുന്നു.

കൂടാരത്തിന്റെ ആകൃതിയിൽ
ആകാശത്തെ അവിടന്നു വിരിച്ചുനിറുത്തി.

വെള്ളത്തിനു മുകളിലായി
തന്റെ മാളികകൾ നിർമിച്ചു.

മേഘങ്ങളെ വാഹനമാക്കി;
കാറ്റിന്റെ ചിറകുകളിൽ സഞ്ചരിച്ചു.

അവിടന്നു തന്റെ ദൂതന്മാരെ അശരീരികളായും
തന്റെ ശുശ്രൂഷകരെ ജ്വലിക്കുന്ന അഗ്നിയായും സൃഷ്ടിച്ചു.

ഒരിക്കലും ഇളകാതിരിക്കാൻ
ഭൂമിയെ അടിത്തറയിലുറപ്പിച്ചു.

വസ്ത്രംകൊണ്ടെന്നപോലെ
ആഴികൊണ്ട് അതിനെ ആവരണം ചെയ്തു.

വെള്ളം പർവതങ്ങൾക്കുമീതേ നിന്നു;
അവിടന്നു കല്പിക്കുമ്പോൾ അതു പ്രവഹിക്കുകയും
ഇടിമുഴക്കുമ്പോൾ അതു വിറയ്ക്കുകയും ചെയ്യുന്നു.

അവിടന്നു നിശ്ചയിച്ച സ്ഥാനങ്ങളിൽ
മലകളും താഴ്വരകളും ഉണ്ടായി.

ജലം ഭൂമിയെ മൂടാതിരിക്കാൻ
അതിന് അതിരു നിശ്ചയിച്ചു.

നീർച്ചാലുകൾ മലയിടുക്കിലൂടെ ഒഴുകിപ്പോകുന്നു;
അവിടന്ന് അവയെ താഴ്വരയിലേക്കു തിരിച്ചുവിടുന്നു.

വനത്തിലെ മൃഗങ്ങളെല്ലാം അവയിൽനിന്നു കുടിക്കുന്നു;
കാട്ടുകഴുതകളും ദാഹം തീർക്കുന്നു.

ആകാശത്തിലെ പറവകൾ അവയ്ക്കു സമീപം കൂടുകെട്ടി;
മരച്ചില്ലകളിലിരുന്ന് അവ പാട്ടുപാടി.

മാളികയിൽനിന്ന് അവിടന്നു മലകളെ നനയ്ക്കുന്നു;
അവിടത്തെ പ്രവൃത്തിയുടെ ഫലമനുഭവിച്ച്
ഭൂമി തൃപ്തിയടയുന്നു.

അവിടന്നു മൃഗങ്ങൾക്കുവേണ്ടി പുല്ലു മുളപ്പിക്കുന്നു;
മനുഷ്യന് ആഹാരമുണ്ടാക്കാൻ സസ്യങ്ങൾ കിളിർപ്പിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**മ്ശം** : എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക;
(കാനോന) ദൈവമേ, സ്തുതി അങ്ങേക്കു യോജ്യമാകുന്നു.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമി** : ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, സ്വർഗീയമായ തേജസ്സിനാൽ സകല സൃഷ്ടികളെയും ആനന്ദിപ്പിക്കുന്നവനും പ്രകാശത്തിന്റെ സ്രഷ്ടാവും തന്റെ കരുണയാൽ ഇരുളിനെ ക്രമപ്പെടുത്തിയിരിക്കുന്നവനും അങ്ങാകുന്നു. ഞങ്ങൾ അങ്ങയെ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ** : ആമ്മേൻ.

**മ്ശം** : (സങ്കീ 93) കർത്താവു ഭരണം നടത്തുന്നു;
അവിടന്നു പ്രതാപമണിഞ്ഞിരിക്കുന്നു;
ശക്തിധരിച്ച് അവിടന്നു പ്രബലനായിരിക്കുന്നു.
(കാനോന) നിത്യനായ മിശിഹായേ,
നിന്നെ ഞങ്ങൾ ആരാധിക്കുന്നു.

**സമൂ** : കർത്താവു ഭരണം നടത്തുന്നു;
അവിടന്നു പ്രതാപമണിഞ്ഞിരിക്കുന്നു;
ശക്തിധരിച്ച് അവിടന്നു പ്രബലനായിരിക്കുന്നു.

അങ്ങു പ്രപഞ്ചം ഉറപ്പിച്ചുനിറുത്തി;
അതിന് ഇളക്കമുണ്ടാവുകയില്ല.

അങ്ങയുടെ സിംഹാസനം
ആദിമുതൽ സുസ്ഥിരമായിരിക്കുന്നു;
അങ്ങ് അനാദിമുതലുള്ള ദൈവമാണ്.

കർത്താവേ, പ്രവാഹങ്ങൾ ഉയരുന്നു;
നദികൾ ആരവമുയർത്തുന്നു;
ശുദ്ധമായി പൊങ്ങിയൊഴുകുന്നു.

പെരുവെള്ളത്തിന്റെ ആരവത്തെക്കാൾ
കടലിലെ തിരമാലകൾ ശക്തമാണ്.

കർത്താവ് ഉന്നതങ്ങളിൽ പ്രകീർത്തിക്കപ്പെടുന്നു;
അങ്ങയുടെ അനുശാസനങ്ങൾ എത്രയോ വിശ്വസനീയം.

കർത്താവേ, നിത്യകാലത്തോളം
പരിശുദ്ധി അങ്ങയുടെ ഭവനത്തിന് ഉചിതമാകുന്നു.

(സങ്കീ 150) വിശുദ്ധമന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ;
പ്രഭാവമേറിയ ആകാശപ്പരപ്പിൽ അവിടത്തെ പുകഴ്ത്തുവിൻ.

തന്റെ ശക്തിപ്രഭാവത്തിൽ അവിടത്തെ സ്തുതിക്കുവിൻ;
ഉന്നതമഹിമാവിനെക്കുറിച്ച് അവിടത്തെ പുകഴ്ത്തുവിൻ.

കാഹളനാദത്താൽ അവിടത്തെ സ്തുതിക്കുവിൻ;
വീണകളാലും കിന്നരങ്ങളാലും അവിടത്തെ പുകഴ്ത്തുവിൻ.

തപ്പുകളാലും മദ്ദളങ്ങളാലും അവിടത്തെ സ്തുതിക്കുവിൻ;
കർണാനന്ദകരമായ കൈത്താളങ്ങളാൽ
അവിടത്തെ പുകഴ്ത്തുവിൻ.

ആരവത്താലും ആർപ്പുവിളിയാലും
അവിടത്തെ സ്തുതിക്കുവിൻ;
ജീവജാലങ്ങളെല്ലാം കർത്താവിനെ പുകഴ്ത്തട്ടെ.

(സങ്കീ 116) ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ;
ജനതകളേ, അവിടത്തെ പുകഴ്ത്തുവിൻ.

എന്തുകൊണ്ടെന്നാൽ, അവിടത്തെ കൃപ
നമ്മുടെമേൽ പ്രബലപ്പെട്ടിരിക്കുന്നു;
സത്യമായും കർത്താവ് എന്നേക്കും നിലനില്ക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**മ്ശം** : എല്ലാ ശ്വാസത്തിലും നമുക്കു കർത്താവിനെ സ്തുതിക്കാം.
(കാനോന) പ്രകാശമായ മിശിഹായേ,
നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമി** : ഞങ്ങളുടെ കർത്താവായ ദൈവമേ, സത്യപ്രകാശവും പിതാവിന്റെ തേജസ്സുമായ മിശിഹായേ, മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി നീ സ്വയം വെളിപ്പെടുകയും ഞങ്ങളിൽനിന്നുള്ള ആദ്യഫലമായി ലോകത്തിലുദിക്കുകയും ചെയ്തു. ഞങ്ങൾ നിനക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ** : ആമ്മേൻ.

## ഓനീസാ ദ്സപ്രാ (ദിവസത്തിന്റേത്)

സപ്രായെത്തുടർന്ന് വിശുദ്ധ കുർബാനയില്ലെങ്കിൽ ഓനീസാ ദ്സപ്രായുടെ ആരംഭത്തിൽ മദ്ബഹായുടെ വിരി നീക്കുകയും മദ്ബഹയിലെ തിരികൾ കത്തിക്കുകയും ധൂപാർപ്പണം നടത്തുകയും ചെയ്യുന്നു.

## ബ്മദ്നാഹൈ സപ്രാ

(മെത്തോൽ ദ്ഹൂയു ... / മാനവരാശിക്കീമഹിയിൽ ...)

പുലരിപ്രഭയിൽ കർത്താവേ,
സാമോദം നിൻ ദാസരിതാ
സൃഷ്ടിക്കഖിലം രക്ഷകനാം
നിൻ സ്തുതിഗീതം പാടുന്നു.
സകലേശാ, നിൻ കൃപയാലേ
ശാന്തി നിറഞ്ഞൊരു ദിനവും നീ
പാപപ്പൊറുതിയുമരുളണമേ
നന്മയിലൂടെ നയിക്കണമേ.

ശരണം പൊലിയാതെന്നാളും
സുതരെ കാത്തരുളീടണമേ
ഞങ്ങൾക്കെതിരായൊരുനാളും
വാതിലടയ്ക്കരുതഖിലേശാ.

നരവംശത്തിൻ വൈകല്യം
അറിയും താതാ, കനിയണമേ
അർഹതനോക്കാതവികലമായ്
പ്രതിസമ്മാനം നല്കണമേ.
സ്നേഹവുമൈക്യവുമന്യൂനം
ശാന്തിയുമിവിടെ വിതയ്ക്കണമേ
അജപാലനമൊരു കുറവെന്യേ
ഫലമേകാനിടയാക്കണമേ.
ആരോഗ്യം നരനേകണമേ
സൗഖ്യം രോഗിക്കേകണമേ
മർത്ത്യഗണത്തിൻ പാപങ്ങൾ
കഴുകി വിശുദ്ധി വളർത്തണമേ.

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി** : ഞങ്ങളുടെ കർത്താവായ ദൈവമേ, സൃഷ്ടികളെല്ലാം അങ്ങയുടെ ആഗമനം കാത്തിരിക്കുന്നു. സ്വർഗമാകുന്ന ഓറെശ്ലെത്ത് അങ്ങയുടെ വിശുദ്ധരോടുകൂടെ നിത്യാനന്ദമനുഭവിക്കാൻ ഞങ്ങളെ അർഹരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ** : ആമ്മേൻ.

## തെശ്ബൊഹ്ത്താ

### 1. നമ്മുടെ കർത്താവിന്റെ തിരുനാളുകളിൽ

'ഈശോമിശിഹാ' എന്ന നാമത്തിന്റെ അക്ഷരങ്ങൾ ഉപയോഗിച്ച്
മാർ അപ്രേം രചിച്ച ഗീതം

(തൂയൈ ... / കർത്താവേ, മമ രാജാവേ, ...)

**ഈ**ശോ കർത്താവാം മിശിഹാ
താതനിൽനിന്നു നമുക്കായി
ഉദയം ചെയ്തിരുൾ നീക്കി മുദാ
തൻപ്രഭ നമ്മെയണിയിച്ചു.

**ശോ**ഭനമാം പകലവനേകി;
ഇരുളിൻ ശക്തിയൊളിച്ചോടി.
ഇരുളല മൂടിയ നേത്രങ്ങൾ
ദിവ്യപ്രഭതന്നൊളി കണ്ടു.

**മി**ശിഹാ വിശ്വം മുഴുവനിലും
തൻപ്രഭ ചിന്തി വിരാജിച്ചു.
മരണവുമിരുളും താഴുകയായ്
നരകകവാടമുടഞ്ഞുരുകി.

**ശി**പ്രസമാനം കൂരിരുളാൽ
മൂടിയ സൃഷ്ടികുലത്തെയവൻ
ദീപ്തിചൊരിഞ്ഞു വിമോചിച്ചു,
മൃതരുയിരാർന്നു പുകൾപാടി.

**ഹാ**ത്രവിമോചനമവനരുളി
താതസമക്ഷമുയർന്നെത്തി
മഹിമയൊടവനിനി വന്നീടും
മകുടം ശരണാഗതനേകാൻ.

രാജകുമാരനെയെതിരേല്ക്കാൻ
മണിദീപങ്ങളുയർത്തിടുവിൻ,
സാമോദം നടകൊണ്ടിടുവിൻ,
മഹിതം മകുടം ചൂടിടുവിൻ.

മർത്ത്യനു രക്ഷ കനിഞ്ഞരുളാൻ
തനയനെ സദയമയച്ചതിനായ്
താതനു നന്ദി പറഞ്ഞിടുവിൻ,
സുതനു മഹൽസ്തുതി പാടിടുവിൻ.

പെട്ടെന്നവനുടെ ദിനമണയും
കാത്തുവസിച്ച വിശുദ്ധന്മാർ
തിരികൾ തെളിച്ചതിമോദമൊടെ
നിരചേർന്നവനെ എതിരേല്ക്കും.

സജ്ജനതതിതൻ മഹിമാവിൽ
ദൂതഗണങ്ങൾ സാമോദം
വിജയകിരീടമവർക്കേകും
അഖിലരുമൊന്നായ് സ്തുതിപാടും.

സ്വർഗം മാനവനേകീടാൻ
നിത്യാനന്ദം നല്കീടാൻ
വന്നണയും നരരക്ഷകനെ
വാഴ്ത്തിപ്പാടാം സോദരരേ.

## 2. പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളുകളിലും മററു പ്രധാന തിരുനാളുകളിലും

(ലൈക്കാ ഏസൽ ... / എവിടെയൊളിക്കും കർത്താവേ, ...)

ദൈവപിതാവിനു സ്വർഗതലത്തിൽ
സതതം സ്തുതികളുയർന്നീടട്ടെ
ശാന്തി ജഗത്തെ നയിച്ചീടട്ടെ
ശരണം നരനു ലഭിച്ചീടട്ടെ.
ആരാധനയും സ്തുതിയും ഞങ്ങൾ
തിരുനാമത്തിനണച്ചീടുന്നു.

ബാവാ, പുത്രൻ, റൂഹായെന്നീ
മൂവരുമൊന്നായ് വാണീടുന്നു.
ദുർഗ്രഹമങ്ങേ ദൈവസ്വഭാവം
നരനയനത്തിനദൃശ്യംതന്നെ.
ഏറ്റവുമുത്തമ രാജൻ നീ താൻ
നാഥന്മാരുടെ നാഥൻ നീ താൻ.

പരിശുദ്ധൻ നീയൊരുവൻമാത്രം
ബലവാനും നീയൊരുവൻമാത്രം
മൃത്യുവിഹീനൻ നീയേകൻതാൻ
മഹിതപ്രഭയിൽ വാണീടുന്നു.
നിൻ സ്തുതി ഞങ്ങൾ പാടീടുന്നു
ഈശോമിശിഹാ നാഥനിലെന്നും.

അത്യുന്നതനുടെ സുതനിവനല്ലോ
രക്ഷകനൂഴിക്കിവനെന്നാളും.
നരകുലപാപം ചുമലിൽതാങ്ങും
ദൈവത്തിൻ കുഞ്ഞാടിവനല്ലോ.
താതൻ തന്റെ വലത്തുപവിഷ്ടൻ
നാഥാ, യാചന കേട്ടരുളേണം.

എന്തെന്നാൽ നീ ദൈവംതന്നെ
നാഥൻ നീയെന്നറിവൂ ഞങ്ങൾ
ഞങ്ങൾക്കോ നീ രാജാവല്ലോ
രക്ഷകനാം നീ തുണയേകുന്നു.
പാപം പോക്കും നിന്നെത്തന്നെ
കാത്തുകഴിപ്പൂ കണ്ണുകളെല്ലാം.

നാഥാ, നിൻ പ്രിയതാതനുമങ്ങേ
റൂഹായ്ക്കെന്നതുപോലെ നിനക്കും
നിത്യം ഭൂവിതിൽനിന്നു നിരന്തം
സ്തുതിഗീതങ്ങളുയർന്നീടട്ടെ.
ഇന്നെന്നതുപോലെന്നാളേക്കും
നിൻ സ്തുതി മുഖരിതമായീടട്ടെ.

## 3. സാധാരണ തിരുനാളുകളിൽ
## മാർ നർസായി രചിച്ച ഗീതം

(സഹദേ വൈത്തോൻ ... / പന്തക്കുസ്താസുദിനത്തിൽ ...)

ഇരുളലപോലെയബദ്ധങ്ങൾ
അവനിയെ മൂടി മറച്ചിടവേ
തിരുനാഥൻതൻ ദീപ്തിയിതാ
മന്നിലുദിച്ചുൾക്കുളിരേകി.
ആദംമുതലീ നാളോളം
ഇരവിൻ യാമസമം ലോകം
പകലിൻ നാഴികപോലല്ലോ
മിശിഹാനാഥൻ തന്നുദയം.
സുവിശേഷത്തിന്നാരംഭം
അരിയവിഭാതസമാനംതാൻ
ജോലികൾ തീർന്നൊരു സന്ധ്യസമം
ലോകാന്തത്തിൻ ദിനമണയും.
നിവ്യരുമഖില പിതാക്കളുമാ-
ശരണം പാർത്തു കഴിച്ചെങ്കിൽ
ദിവ്യോദയമൊരു തുറമുഖമായ്
സാന്ത്വനമവരിൽ വർഷിച്ചു.
പാപത്തിൻ കരമുസലത്തിൻ
ആഹതിയേറ്റു തളർന്നവരിൽ
നവലോകത്തിൻ ചിന്തകള-
ന്നാശ്വാസത്തിൻ കുളിരേകി.
തൻതിരുമൊഴികളണിഞ്ഞവരോ-
ടവനൊരുടമ്പടി ചെയ്തഴകിൽ
വാഗ്ദാനത്തിൻ പൂർത്തിക്കായ്
നിജനിണമുദ്രയതിന്നേകി.

വാനവ, മാനവഗണമൊന്നായ്
വാഗ്ദാനത്താൽ ബന്ധിതമായ്
ആദരമാർന്നു പ്രതീക്ഷിപ്പൂ
വെളിപാടിൻ നവസുദിനത്തെ.
    പ്രതിഫലമരുളും വിധിനാളിൻ
    സമയം വന്നുടനെത്തീടും.
    അവനെക്കാണ്മതിനൊരുമയൊടെ
    വേഗമൊരുങ്ങിയിറങ്ങിടുവിൻ.
ഭീകരമാം വിധിദിവസത്തിൽ
ശിക്ഷാവിധിയൊഴിവാക്കീടാൻ
പരിമളമുതിരും സ്നേഹത്തിൻ
തൈലം കൈയിലെടുത്തീടാം.
    വാഗ്ദാനംപോൽ സമ്മാനം
    കൈക്കൊൾവതിനായ് സാനന്ദം
    വ്യാപാരത്തിൽ മുഴുകീടാം
    ജീവൻ പിരിയും നാൾവരെയും.
നമ്മളിഹത്തിൽ മരുവുമ്പോൾ
വിശ്വാസം ശരണാദികളാൽ
ചിന്ത നിയന്ത്രിതമാക്കീടാം
സൗഭാഗ്യത്തിൽ ചെന്നണയാൻ.

## 4. ഞായറാഴ്ചകളിൽ

**'ബാറെക് കൊലഹോൻ'** (ദാനി 3, 35-68)

### മൂന്നു ബാലന്മാരുടെ കീർത്തനം

(തൂയൈ ... / കർത്താവേ, മമ രാജാവേ, ...)

സർവചരാചര സൃഷ്ടികളേ,
അരിയമനോജ്ഞ നഭസ്തലമേ,
കർത്താവാം പരമോന്നതനെ
വാഴ്ത്തിപ്പാടി നമിച്ചിടുവിൻ.
    വാനവ ദൂതജനാവലിയേ,
    സൈനികഗണമേ, ജലധികളേ,
    കർത്താവാം പരമോന്നതനെ
    വാഴ്ത്തിപ്പാടി നമിച്ചിടുവിൻ.

മഴയേ, മഞ്ഞേ, താരകളേ,
ചൂടേ, കാറ്റേ, എരിതീയേ,
കർത്താവാം പരമോന്നതനെ
വാഴ്ത്തിപ്പാടി നമിച്ചിടുവിൻ.
പനിമതിയേ, നൽ പകലോനേ,
രാവേ, പകലേ, ഇരുൾനിരയേ,
കർത്താവാം പരമോന്നതനെ
വാഴ്ത്തിപ്പാടി നമിച്ചിടുവിൻ.
മേഘാവലിയേ, കുന്നുകളേ,
ഗിരിനിരയേ, തൃണജാതികളേ,
കർത്താവാം പരമോന്നതനെ
വാഴ്ത്തിപ്പാടി നമിച്ചിടുവിൻ.
തെളിനീരേകും തടിനികളേ,
അരുവികളേ, ജലജീവികളേ,
കർത്താവാം പരമോന്നതനെ
വാഴ്ത്തിപ്പാടി നമിച്ചിടുവിൻ.
പക്ഷിമൃഗാദികളേ, നരരേ,
ഇസ്രായേലിൻ വംശജരേ,
കർത്താവാം പരമോന്നതനെ
വാഴ്ത്തിപ്പാടി നമിച്ചിടുവിൻ.
ധാർമികരേ, വിനയാന്വിതരേ,
നിഷ്കല്മഷരേ, വൈദികരേ,
കർത്താവാം പരമോന്നതനെ
വാഴ്ത്തിപ്പാടി നമിച്ചിടുവിൻ.
ദൈവികഭവന നിവാസികളേ,
സഹദാമാരേ, പ്രേഷിതരേ,
കർത്താവാം പരമോന്നതനെ
വാഴ്ത്തിപ്പാടി നമിച്ചിടുവിൻ.
മിന്നും മിന്നൽപ്പിണറുകളേ,
ചൂടേ, കുളിരേ, തരുനിരയേ,
കർത്താവാം പരമോന്നതനെ
വാഴ്ത്തിപ്പാടി നമിച്ചിടുവിൻ.

ഇസ്രായേലിൻ വത്സലരേ,
ഹന്നനിയായേ, സ്നേഹിതരേ,
കർത്താവാം പരമോന്നതനെ
വാഴ്ത്തിപ്പാടി നമിച്ചിടുവിൻ.
താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതിയുയരട്ടെ.
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമി** : ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ നാമം പരിശുദ്ധമാകുന്നു. അങ്ങയുടെ ആലയം പരിശുദ്ധമാകുന്നു. വചനത്തിന്റെ ശക്തിയാലും പരിശുദ്ധാത്മാവിനാലും സകലവും വിശുദ്ധീകരിക്കുന്ന അങ്ങയെ സ്വർഗീയരും ഭൗമികരും 'പരിശുദ്ധൻ' എന്നു പ്രകീർത്തിക്കുന്നു. സകലത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ** : ആമ്മേൻ.

**മ്ശം** : കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമി** : കാരുണ്യവാനായ കർത്താവേ, ഞങ്ങളുടെ ഹൃദയമാകുന്ന ദൈവാലയത്തെ അങ്ങു പവിത്രീകരിക്കണമേ. ഞങ്ങളുടെ മനഃസാക്ഷിയെ നിർമലമാക്കണമേ. ഞങ്ങളുടെ കടങ്ങൾ പൊറുക്കണമേ. ഞങ്ങളുടെ കറകൾ കഴുകിക്കളയണമേ. ദൈവമായ അങ്ങേക്കു യോഗ്യമായ വാസസ്ഥലങ്ങളും അങ്ങയുടെ സ്നേഹശുശ്രൂഷയ്ക്ക് അനുയോജ്യമായ ആലയങ്ങളുമാക്കി ഞങ്ങളെ മാറ്റണമേ. സകലത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ** : ആമ്മേൻ.

**മ്ശം** : കർത്താവേ, അനുഗ്രഹിക്കണമേ.

## ദ്ഉദ്റാനാ

**കാർമി :** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മഹത്ത്വമേറിയ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയും അനന്തമായ അനുഗ്രഹവും നിരന്തരമായ സഹായവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെ അപേക്ഷയും മാർ യൗസേപ്പിന്റെയും വിശുദ്ധ ശ്ലീഹന്മാരുടെയും സുവിശേഷകരുടെയും ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെയും മാർ അപ്രേമിന്റെയും വിശ്രുത രക്തസാക്ഷിയായ മാർ ഗീവർഗീസിന്റെയും മറ്റു രക്തസാക്ഷികളുടെയും മല്പാന്മാരുടെയും ഞങ്ങളുടെ ഇടവകയുടെ / ഭവനത്തിന്റെ മധ്യസ്ഥനായ (മധ്യസ്ഥയായ) (പേര്) ന്റെയും (യുടെയും) മറ്റു സകല വിശുദ്ധരുടെയും, പ്രത്യേകമായി ഞങ്ങളുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും ഞങ്ങളെ സഹായിക്കുമാറാകട്ടെ. അവ ഞങ്ങൾക്ക് അഭയവും സഹായവും ദുഷ്ടപിശാചിലും അവന്റെ സൈന്യങ്ങളിലുംനിന്ന് സംരക്ഷണവും നല്കി നിത്യഭാഗ്യത്തിലേക്കു ഞങ്ങളെ നയിക്കുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ :** ആമ്മേൻ.

**മ്ശം :** കർത്താവേ, ആശീർവദിക്കണമേ.

## ഹൂത്താമ്മാ

കർത്താവിന്റെ തിരുനാളുകളിലും പ്രധാന തിരുനാളുകളിലും

**കാർമി :** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, നിന്റെ കൃപയാൽ തടവുകാർക്കു മോചനവും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും പീഡിതർക്ക് ആശ്വാസവും രോഗികൾക്കു സൗഖ്യവും സമീപസ്ഥർക്കു സന്തോഷവും ദൂരസ്ഥർക്കു സംരക്ഷണവും നല്കണമേ. പാപികൾക്കു മോചനവും അനുതാപികൾക്കു പൊറുതിയും നീതിനിഷ്ഠർക്കു പരിരക്ഷണവും ദരിദ്രർക്കു സഹായവും പ്രദാനം ചെയ്യണമേ. നഷ്ടപ്പെട്ടവരെ കണ്ടെത്തുന്നതിനും അകന്നുപോയവരെ തിരിച്ചുകൊണ്ടുവരുന്നതിനും മരിച്ചവരുടെ നല്ലതും സ്വീകാര്യവുമായ ഓർമ നിലനിറുത്തുന്നതിനും ഇടയാക്കണമേ. എല്ലാ

സൃഷ്ടികൾക്കും നിന്റെ കരുണയും ദയയും നല്കണമേ. ഞങ്ങളുടെ വംശത്തിന്റെ പ്രത്യാശയായ മിശിഹായേ, പാപികളും ബലഹീനരുമായ ഞങ്ങൾക്കും മറ്റെല്ലാവർക്കും സഹായകവും കർത്താവായ നിനക്കു പ്രീതികരവുമായവ നിന്റെ കൃപയാലും അനുഗ്രഹത്താലും ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

കാർമികൻ പുരോഹിതനെങ്കിൽ സമൂഹത്തെ ആശീർവദിക്കുന്നു.

**സമൂ** : ആമ്മേൻ.

ഞായറാഴ്ചകളിലും സാധാരണതിരുനാളുകളിലും

**കാർമി** : ദൈവത്തിനു സ്തുതിയും മാലാഖമാർക്കു വണക്കവും സാത്താനു ലജ്ജയും സ്ലീവായ്ക്കു വന്ദനവും തിരുസഭയ്ക്കു മഹത്ത്വവും മരിച്ചവർക്ക് ഉയിർപ്പും അനുതാപികൾക്കു പൊറുതിയും തടവുകാർക്കു മോചനവും രോഗികൾക്ക് ആരോഗ്യവും ലോകത്തിനു ശാശ്വതമായ സമാധാനവും കൈവരട്ടെ. പാപികളും ബലഹീനരുമായ ഞങ്ങൾക്കും മറ്റെല്ലാവർക്കും, ലോകത്തിലുള്ള സകല സൃഷ്ടികൾക്കും ദൈവത്തിന്റെ കൃപയും അനുഗ്രഹവും സമൃദ്ധമായി ലഭിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

കാർമികൻ പുരോഹിതനെങ്കിൽ സമൂഹത്തെ ആശീർവദിക്കുന്നു.

**സമൂ** : ആമ്മേൻ.

കാർമികൻ സമാധാനം (കൈക്കസ്തൂരി) നല്കുന്നു.

# സപ്രാ

## (സാധാരണദിവസങ്ങളിൽ)

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമി** : കർത്താവേ, സൃഷ്ടികളെല്ലാം ആനന്ദപൂർവം അങ്ങയെ സ്തുതിച്ചാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, അനന്തവും അഗ്രാഹ്യവുമായ കാരുണ്യത്താൽ അങ്ങ് അവയെ സൃഷ്ടിച്ചു; അദ്ഭുതകരമായി പരിപാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സൃഷ്ടികൾക്കു കാരണഭൂതനും ഞങ്ങളുടെ ആത്മാക്കളുടെ സംരക്ഷകനുമായ കർത്താവേ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ** : ആമ്മേൻ.

**മ്ശം** : (സങ്കീ 100) ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ;
(കാനോന) പ്രകാശദാതാവായ കർത്താവേ,
നിനക്കു ഞങ്ങൾ സ്തുതി സമർപ്പിക്കുന്നു.

**സമൂ** : ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ;
സന്തോഷപൂർവം അവിടത്തെ ശുശ്രൂഷിക്കുവിൻ.

കീർത്തനങ്ങൾ പാടിക്കൊണ്ട്
അവിടത്തെ തിരുമുമ്പിൽ പ്രവേശിക്കുവിൻ.

നമ്മുടെ ദൈവമായ കർത്താവ്
അവിടന്നാണെന്നു നിങ്ങൾ അറിയുവിൻ.

നാമല്ല, അവിടന്നാണു നമ്മെ സൃഷ്ടിച്ചത്;
നാം അവിടത്തെ ജനവും
മേച്ചിൽസ്ഥലത്തെ അജഗണവുമാകുന്നു.

സ്തോത്രങ്ങൾ പാടിക്കൊണ്ട്
അവിടത്തെ വാതിലുകൾ കടക്കുവിൻ.

കീർത്തനങ്ങളാലപിച്ചുകൊണ്ട്
അങ്കണത്തിലേക്കു പ്രവേശിക്കുവിൻ.

നിങ്ങൾ അവിടത്തെ സ്തുതിക്കുവിൻ;

അവിടത്തെ നാമം വാഴ്ത്തുവിൻ.

കർത്താവു നല്ലവനാകുന്നു;
അവിടത്തെ കൃപയും വിശ്വസ്തതയും
എന്നേക്കും നിലനില്ക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**മ്ശം** : ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ;
(കാനോന) പ്രകാശദാതാവായ കർത്താവേ,
നിനക്കു ഞങ്ങൾ സ്തുതി സമർപ്പിക്കുന്നു.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമി** : ഞങ്ങളുടെ കർത്താവായ ദൈവമേ, സജീവവും പരിശുദ്ധവുമായ അങ്ങയുടെ നാമത്തിനു നിരന്തരം ആരാധനയും സ്തുതിയും കൃതജ്ഞതയും ഞങ്ങൾ സമർപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ** : ആമ്മേൻ.

**മ്ശം** : (സങ്കീ 91) അത്യുന്നതന്റെ സംരക്ഷണമുള്ളവനും
ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും
ഭാഗ്യവാനാകുന്നു.
(കാനോന) ഞങ്ങളുടെ രക്ഷകനായ മിശിഹായേ,
നിന്നിലുള്ള പ്രത്യാശ സ്തുത്യർഹമാകുന്നു.

**സമൂ** : അത്യുന്നതന്റെ സംരക്ഷണമുള്ളവനും
ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും
ഭാഗ്യവാനാകുന്നു.

എന്റെ ശരണവും സങ്കേതവും
ഞാൻ ആശ്രയിക്കുന്ന ദൈവവും
അങ്ങാകുന്നുവെന്നു കർത്താവിനോടു പറയുക.

ഇടർച്ചയുടെ കെണിയിൽനിന്നും
വ്യർഥമായ സംഭാഷണത്തിൽനിന്നും
അവിടന്നു നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾകൊണ്ട്
അവിടന്നു നിന്നെ ആവരണം ചെയ്യും.

തന്റെ ചിറകുകളുടെ കീഴിൽ
അവിടന്നു നിനക്ക് അഭയം നല്കും.

അവിടത്തെ സത്യം
നിന്റെ ചുറ്റും ആയുധമായിരിക്കും.

രാത്രിയുടെ ഭീകരതയും
പകൽ പറക്കുന്ന അസ്ത്രവും
നീ ഭയപ്പെടേണ്ട.

ഇരുട്ടിൽ മുഴങ്ങുന്ന ശബ്ദവും
മധ്യാഹ്നത്തിലടിക്കുന്ന കൊടുങ്കാറ്റും
നീ ഒട്ടും പേടിക്കേണ്ട.

ആയിരങ്ങൾ നിന്റെ പാർശ്വഭാഗത്തു വീഴും;
പതിനായിരങ്ങൾ നിന്റെ വലത്തുഭാഗത്തും;
എങ്കിലും അവരാരും നിന്നെ സമീപിക്കുകയില്ല.

നീ അവരെയെല്ലാം കാണും;
ദുഷ്ടർക്കുള്ള പ്രതിഫലം നീ ദർശിക്കും.

നിന്റെ സങ്കേതം കർത്താവാകുന്നു;
അത്യുന്നതൻ നിന്റെ കോട്ടയാകുന്നു.

നിനക്കു തിന്മയൊന്നും വരുകയില്ല;
ബാധ നിന്റെ കൂടാരത്തെ സമീപിക്കുകയില്ല.

വഴികളിൽ നിന്നെ സംരക്ഷിക്കാൻ
അവിടന്നു തന്റെ മാലാഖമാരോടു കല്പിക്കും.

നിന്റെ പാദം കല്ലിന്മേൽ തട്ടാതെ
കരങ്ങളിൽ നിന്നെ അവർ വഹിച്ചുകൊള്ളും.

സർപ്പത്തിന്റെയും അണലിയുടെയുംമേൽ
നീ ചവിട്ടിനടക്കും.

സിംഹത്തെയും പെരുമ്പാമ്പിനെയും
നീ ചവിട്ടിമെതിക്കും.

എന്നോടു പ്രാർഥിച്ചതുകൊണ്ട്
ഞാൻ അവനെ രക്ഷിക്കും.

എന്റെ നാമം അറിഞ്ഞതുകൊണ്ട്
ഞാൻ അവനെ ശക്തിപ്പെടുത്തും.

എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ
ഞാൻ അവന് ഉത്തരമരുളും.

അവന്റെ സങ്കടകാലങ്ങളിലെല്ലാം
ഞാൻ അവന്റെ കൂടെയുണ്ടായിരിക്കും.

ശക്തിയും ബഹുമാനവും അവനു ഞാൻ നല്കും;
ദീർഘായുസ്സു നല്കി അവനെ ഞാൻ തൃപ്തനാക്കും.

രക്ഷിക്കാനുള്ള എന്റെ കഴിവ്
അവനെ കാണിക്കുകയും ചെയ്യും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**മ്ശം** : അത്യുന്നതന്റെ സംരക്ഷണമുള്ളവനും
ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും
ഭാഗ്യവാനാകുന്നു.
(കാനോന) ഞങ്ങളുടെ രക്ഷകനായ മിശിഹായേ,
നിന്നിലുള്ള പ്രത്യാശ സ്തുത്യർഹമാകുന്നു.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമി** : ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മഹോന്നതമായ വിശ്വസ്തത ആരാധ്യമാകുന്നു. ഞങ്ങളുടെ ഉന്നതവും ശ്രേഷ്ഠവുമായ അഭയസ്ഥാനം അങ്ങാകുന്നു. അങ്ങയെ ആശ്രയിക്കുകയും തിരുനാമം വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നവർ ഒരിക്കലും നിരാശരാവുകയില്ല. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ** : ആമ്മേൻ.

**മ്ശം** : (സങ്കീ 104) എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക;
(കാനോന) ദൈവമേ, സ്തുതി അങ്ങേക്കു യോജ്യമാകുന്നു.

**സമൂ** : എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക;
എന്റെ ദൈവമായ കർത്താവേ,
അങ്ങ് ഏറ്റവും വലിയവനാകുന്നു.

മഹത്ത്വവും തേജസ്സും അങ്ങു ധരിച്ചിരിക്കുന്നു;
പ്രകാശം മേലങ്കിയായി അണിഞ്ഞിരിക്കുന്നു.

കൂടാരത്തിന്റെ ആകൃതിയിൽ
ആകാശത്തെ അവിടന്നു വിരിച്ചുനിറുത്തി.

വെള്ളത്തിനു മുകളിലായി
തന്റെ മാളികകൾ നിർമിച്ചു.

മേഘങ്ങളെ വാഹനമാക്കി;
കാറ്റിന്റെ ചിറകുകളിൽ സഞ്ചരിച്ചു.

അവിടന്നു തന്റെ ദൂതന്മാരെ അശരീരികളായും
തന്റെ ശുശ്രൂഷകരെ ജ്വലിക്കുന്ന അഗ്നിയായും സൃഷ്ടിച്ചു.

ഒരിക്കലും ഇളകാതിരിക്കാൻ
ഭൂമിയെ അടിത്തറയിലുറപ്പിച്ചു.

വസ്ത്രംകൊണ്ടെന്നപോലെ
ആഴികൊണ്ട് അതിനെ ആവരണംചെയ്തു.

വെള്ളം പർവതങ്ങൾക്കുമീതേ നിന്നു;
അവിടന്നു കല്പിക്കുമ്പോൾ അതു പ്രവഹിക്കുകയും
ഇടിമുഴക്കുമ്പോൾ അതു വിറയ്ക്കുകയും ചെയ്യുന്നു.

അവിടന്നു നിശ്ചയിച്ച സ്ഥാനങ്ങളിൽ
മലകളും താഴ്‌വരകളും ഉണ്ടായി.

ജലം ഭൂമിയെ മൂടാതിരിക്കാൻ
അതിന് അതിരു നിശ്ചയിച്ചു.

നീർച്ചാലുകൾ മലയിടുക്കിലൂടെ ഒഴുകിപ്പോകുന്നു;
അവിടന്ന് അവയെ താഴ്‌വരയിലേക്കു തിരിച്ചുവിടുന്നു.

വനത്തിലെ മൃഗങ്ങളെല്ലാം അവയിൽനിന്നു കുടിക്കുന്നു;
കാട്ടുകഴുതകളും ദാഹം തീർക്കുന്നു.

ആകാശത്തിലെ പറവകൾ അവയ്ക്കു സമീപം കൂടുകെട്ടി;
മരച്ചില്ലകളിലിരുന്ന് അവ പാട്ടുപാടി.

മാളികയിൽനിന്ന് അവിടന്നു മലകളെ നനയ്ക്കുന്നു;
അവിടത്തെ പ്രവൃത്തിയുടെ ഫലമനുഭവിച്ച്
ഭൂമി തൃപ്തിയടയുന്നു.

അവിടന്നു മൃഗങ്ങൾക്കുവേണ്ടി പുല്ലു മുളപ്പിക്കുന്നു;
മനുഷ്യന് ആഹാരമുണ്ടാക്കാൻ
സസ്യങ്ങൾ കിളിർപ്പിക്കുന്നു.

(സങ്കീ 116) ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ;
ജനതകളേ, അവിടത്തെ പുകഴ്ത്തുവിൻ.

എന്തുകൊണ്ടെന്നാൽ, അവിടത്തെ കൃപ
നമ്മുടെമേൽ പ്രബലപ്പെട്ടിരിക്കുന്നു;
സത്യമായും കർത്താവ് എന്നേക്കും നിലനില്ക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**മ്ശം** : (കാനോന) എല്ലാ ശ്വാസത്തിലും നമുക്കു കർത്താവിനെ സ്തുതിക്കാം. പ്രകാശമായ മിശിഹായേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

**മ്ശം** : സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമി** : ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു ഞങ്ങൾക്കു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി, സ്വർഗീയഗണങ്ങളോടുചേർന്ന് അങ്ങയെ ഏറ്റുപറയാനും ആരാധിക്കാനും സ്തുതിക്കാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ** : ആമ്മേൻ.

സപ്രായെ തുടർന്ന് വിശുദ്ധ കുർബാനയില്ലെങ്കിൽ താഴെവരുന്ന 'സകലത്തിന്റെയും നാഥാ ...' യും സ്ലോസായും ചൊല്ലുന്നു. ഈ സമയം മദ്ബഹയുടെ വിരി നീക്കുകയും മദ്ബഹയിൽ തിരികൾ കത്തിക്കുകയും ചെയ്യുന്നു.

സപ്രായെ തുടർന്ന് വിശുദ്ധ കുർബാനയുണ്ടെങ്കിൽ 'ദൈവമേ, അങ്ങയുടെ കൃപയ്ക്കൊത്തവിധം ...' എന്ന സങ്കീർത്തനത്തോടുകൂടി തുടരുന്നു.

**സമൂ** : സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

**കാർമി :** കർത്താവേ, പ്രഭാതത്തിൽ ഞാൻ ഒരുങ്ങി അങ്ങയുടെ പക്കൽ വരുന്നു; എന്റെ പ്രാർഥന കേൾക്കണമേ.

സകലത്തിന്റെയും നാഥാ, ...

**സമൂ :** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി; ആദിമുതൽ എന്നേക്കും, ആമ്മേൻ.

സകലത്തിന്റെയും നാഥാ, ...

**മ്ശം :** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമി :** മഹത്ത്വത്തിന്റെ ഉന്നതരാജാവേ, കരുണയാൽ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും തിരുമനസ്സിനാൽ ഞങ്ങൾക്ക് ഉത്തരം നല്കുന്നവനും ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കുന്നവനും നീയാകുന്നു. നിന്നെ ഞങ്ങൾ എല്ലാ സമയവും ഏറ്റുപറയുകയും ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ :** ആമ്മേൻ.

**മ്ശം :** (സങ്കീ 51) ദൈവമേ, അങ്ങയുടെ കൃപയ്ക്കൊത്തവിധം
എന്നോടു ദയ തോന്നണമേ;
അങ്ങയുടെ കാരുണ്യാതിരേകത്തിനനുസൃതമായി
എന്റെ പാപങ്ങൾ മായിച്ചുകളയണമേ.
(കാനോന) കർത്താവേ, എന്നിൽ കനിയണമേ;
ദൈവമേ, എന്നിൽ കനിയണമേ;
കർത്താവേ, എന്നിൽ കനിയണമേ.

**സമൂ :** ദൈവമേ, അങ്ങയുടെ കൃപയ്ക്കൊത്തവിധം
എന്നോടു ദയ തോന്നണമേ;
അങ്ങയുടെ കാരുണ്യാതിരേകത്തിനനുസൃതമായി
എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അപരാധം നിശ്ശേഷം കഴുകിക്കളയണമേ;
പാപങ്ങളിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ.

എന്തുകൊണ്ടെന്നാൽ, എന്റെ തെറ്റുകൾ ഞാൻ അറിയുന്നു;
എന്റെ പാപങ്ങൾ എപ്പോഴും എന്റെ കൺമുമ്പിലുണ്ട്.

അങ്ങേക്കെതിരായി ഞാൻ പാപം ചെയ്തുപോയി;
അങ്ങയുടെ സന്നിധിയിൽ ഞാൻ തിന്മകൾ പ്രവർത്തിച്ചു.

വലിയനോമ്പുകാലത്ത് താഴെവരുന്ന ഭാഗംകൂടി ചൊല്ലുന്നു.

അങ്ങയുടെ വചനങ്ങൾ നീതിയുക്തമാകുന്നു;
അങ്ങയുടെ വിധികൾ വിജയിക്കുന്നു.

പാപത്തോടെയാണു ഞാൻ പിറന്നത്;
ഉദ്ഭവംമുതലേ ഞാൻ പാപിയാകുന്നു.

അങ്ങു സത്യത്തിൽ പ്രസാദിച്ചു;
അങ്ങയുടെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ
എനിക്കു വെളിപ്പെടുത്തി.

സോപ്പാകൊണ്ട് എന്നെ തളിക്കണമേ;
ഞാൻ ശുദ്ധിയുള്ളവനാകും.

അതിൽ എന്നെ കഴുകണമേ;
ഞാൻ മഞ്ഞിനെക്കാൾ വെണ്മയുള്ളവനാകും.

അങ്ങയുടെ സന്തോഷം എനിക്കു നല്കണമേ;
അപ്പോൾ ഞാൻ ആനന്ദഭരിതനാകും.

എന്റെ പാപങ്ങളിൽനിന്നു മുഖം തിരിക്കണമേ;
എന്റെ അപരാധങ്ങൾ മായിച്ചുകളയണമേ.

ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ;
അങ്ങയുടെ സുസ്ഥിരചൈതന്യം എന്നിൽ നവീകരിക്കണമേ.

തിരുസന്നിധിയിൽനിന്ന് എന്നെ തള്ളിക്കളയരുതേ;
അങ്ങയുടെ പരിശുദ്ധചൈതന്യം
എന്നിൽനിന്നു തിരികെയെടുക്കരുതേ.

അങ്ങയുടെ ആനന്ദവും രക്ഷയും എനിക്കു വീണ്ടും തരണമേ;
അങ്ങയുടെ സ്തുത്യമായ ചൈതന്യം
എന്നെ താങ്ങിനിറുത്തട്ടെ.

ദുഷ്ടരെ ഞാൻ അങ്ങയുടെ വഴി പഠിപ്പിക്കും;
പാപികൾ അങ്ങയുടെ പക്കലേക്കു തിരിയും.

നീതിമാനായ ദൈവമേ,
രക്തപാതകത്തിൽനിന്ന് എന്നെ രക്ഷിക്കണമേ.

കർത്താവേ, എന്റെ അധരം തുറക്കണമേ;
അത് അങ്ങയുടെ സ്തുതികൾ ഉരുവിടട്ടെ;
അങ്ങയുടെ നീതി ഞാൻ പ്രകീർത്തിക്കട്ടെ.

എന്തുകൊണ്ടെന്നാൽ, ബലികളിൽ അങ്ങു സംപ്രീതനായില്ല;
ദഹനബലികളിലും സന്തുഷ്ടനായില്ല.

ദൈവത്തിനുള്ള ബലി വിനയമുള്ള മനസ്സാണ്;
തകർന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല.

കർത്താവേ, അങ്ങയുടെ അഭീഷ്ടമനുസരിച്ച്
സെഹിയോനു നന്മ ചെയ്യണമേ;
ഓറെശ്ലേമിന്റെ കോട്ടകൾ പുതുക്കിപ്പണിയണമേ.

അപ്പോൾ നീതിയുടെ ബലികളിലും ഹോമബലികളിലും
അങ്ങു സംപ്രീതനാകും.

എല്ലാക്കാലങ്ങളിലും കൂട്ടിച്ചേർക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**മ്ശം** : ദൈവമേ, അങ്ങയുടെ കൃപയ്ക്കൊത്തവിധം
എന്നോടു ദയ തോന്നണമേ;
അങ്ങയുടെ കാരുണ്യാതിരേകത്തിനനുസൃതമായി
എന്റെ പാപങ്ങൾ മായിച്ചുകളയണമേ.
(കാനോന) കർത്താവേ, എന്നിൽ കനിയണമേ;
ദൈവമേ, എന്നിൽ കനിയണമേ;
കർത്താവേ, എന്നിൽ കനിയണമേ.

## തെശ്ബൊഹ്ത്താ

(മറിയാ ബ്സപ്രാ ... / കരുണാനിധിയാം കർത്താവേ, ...)

അഖിലേശാ, നിൻ തിരുമുമ്പിൽ
സ്തോത്രം ഞങ്ങളണയ്ക്കുന്നു
സ്തുതിഗീതങ്ങൾ പാടുന്നു.
കർത്താവേ, നിൻ കൃപയാലെ
സ്രഷ്ടാവാം നിൻ കാരുണ്യം
ഞങ്ങൾ വാഴ്ത്തിടുമെന്നാളും.

രക്ഷകനേ, നിൻ കരമിവരെ
സദയം താങ്ങുന്നനുനിമിഷം
സതതം കാത്തു നയിക്കുന്നു.
കർത്താവേ, നിൻ ദൈവത്വം
ആരാധിച്ചുവണങ്ങിടുമീ
ഞങ്ങളിലനിശം കനിയണമേ.

ശാന്തതനിറയും തുറമുഖമേ,
കരുണാപൂരം ചൊരിയണമേ,
തനയരെയലിവൊടു നോക്കണമേ.
കർത്താവേ, നിൻ തിരുവദനം
നിൻ പ്രഭയിവരിൽ ചൊരിയട്ടെ
ഞങ്ങൾ രക്ഷിതരാകട്ടെ.

അനുതാപികളെ കൃപയോടെ
കൈക്കൊള്ളുന്ന ദയാനിധിയേ,
ഞങ്ങൾക്കഭയം നീയല്ലോ.
പ്രാർഥന സദയം കേൾക്കണമേ
ആരാധകരുടെ നിലവിളികൾ
നിൻ തിരുസന്നിധിയണയട്ടെ.

മർത്ത്യകടങ്ങൾ തീർപ്പവനേ,
അടിയാർതൻ കടബാധ്യതകൾ
നിൻ കൃപയാൽ നീ നീക്കണമേ.
നരകുലപാപം പോക്കും നീ
പാപക്കറകൾ മായ്ക്കണമേ
നിരവധിയെങ്കിലുമലിവോടെ.

നരവംശത്തിന്നുത്തമമാം
ശരണം നാഥാ, നീയല്ലോ
ചൊരിയണമേ തവ ശാന്തി സദാ.
പരിപാവനമാം ത്രിത്വത്തിൻ
നാമം നിതരാം വാഴ്ത്തീടാൻ
നരനു പുരോഗതി നല്കണമേ.

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി :** മനുഷ്യവർഗത്തിന്റെ നല്ല ശരണവും സൃഷ്ടികൾക്കു ശാന്തി പ്രദാനംചെയ്യുന്ന സമാധാനത്തിന്റെ തുറമുഖവുമായ മിശിഹായേ, ഞങ്ങളുടെ കർത്താവേ, നിന്റെ ശാന്തിയും സമാധാനവും ഞങ്ങൾക്കു തരണമേ. ജീവിതകാലം മുഴുവൻ നിന്നെ നിരന്തരം ഏറ്റുപറയാനും സ്തുതിക്കാനും ഞങ്ങൾക്കിടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ :** ആമ്മേൻ.

സപ്രായെ തുടർന്ന് വിശുദ്ധ കുർബാനയില്ലെങ്കിൽ താഴെവരുന്ന ത്രിശുദ്ധകീർത്തനവും സ്ലോസായും ആലപിക്കുന്നു / ചൊല്ലുന്നു; വിശുദ്ധ കുർബാനയുണ്ടെങ്കിൽ ദിവസത്തിന്റെ ഓനീസാ ദ്സപ്രായോടുകൂടി പ്രാർഥന തുടരുന്നു.

## ത്രിശുദ്ധകീർത്തനം

**മ്ശം :** സഹോദരരേ, നിങ്ങൾ സ്വരമുയർത്തി
ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

**സമൂ :** പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമി :** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിശുദ്ധനായ ദൈവമേ, ...

**സമൂ :** ആദിമുതൽ എന്നേക്കും, ആമ്മേൻ.
പരിശുദ്ധനായ ദൈവമേ, ...

**മ്ശം :** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമി :** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു പ്രകൃത്യാ പരിശുദ്ധനും മഹത്ത്വപൂർണനുമാകുന്നു. ദൈവമായ അങ്ങ് അത്യുന്നതനും അനാദിമുതൽ ആരാധിക്കപ്പെടുന്നവനുമാകുന്നു. ഞങ്ങൾ അങ്ങയെ എല്ലായ്പ്പോഴും ഏറ്റുപറയുകയും സ്തുതിക്കുകയും ചെയ്യുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ :** ആമ്മേൻ.

## ഓനീസാ ദ്സപ്രാ (ദിവസത്തിന്റേത്)

തുടർന്ന് താഴെ കൊടുത്തിരിക്കുന്ന ഗീതം ആലപിക്കുന്നു.

## ബ്മദ്നാഹെ സപ്രാ

(മെത്തോൽ ദ്ഹൂയു ... / മാനവരാശിക്കീമഹിയിൽ ...)

പുലരിപ്രഭയിൽ കർത്താവേ,
സാമോദം നിൻ ദാസരിതാ
സൃഷ്ടിക്കഖിലം രക്ഷകനാം
നിൻസ്തുതിഗീതം പാടുന്നു.
സകലേശാ, നിൻ കൃപയാലെ
ശാന്തി നിറഞ്ഞൊരു ദിനവും നീ
പാപപ്പൊറുതിയുമരുളണമേ
നന്മയിലൂടെ നയിക്കണമേ.

ശരണം പൊലിയാതെന്നാളും
സുതരെക്കാത്തരുളീടണമേ
ഞങ്ങൾക്കെതിരായൊരുനാളും
വാതിലടയ്ക്കരുതഖിലേശാ.
നരവംശത്തിൻ വൈകല്യം
അറിയും താതാ, കനിയണമേ
അർഹതനോക്കാതവികലമായ്
പ്രതിസമ്മാനം നല്കണമേ.

സ്നേഹവുമൈക്യവുമന്യൂനം
ശാന്തിയുമിവിടെ വിതയ്ക്കണമേ
അജപാലനമൊരു കുറവെന്യേ
ഫലമേകാനിടയാക്കണമേ.
ആരോഗ്യം നരനേകണമേ
സൗഖ്യം രോഗിക്കേകണമേ
മർത്ത്യഗണത്തിൻ പാപങ്ങൾ
കഴുകി വിശുദ്ധി വളർത്തണമേ.

ശാവോലിൽനിന്നെളിയവനാം
ദാവീദിനെയെന്നതുപോലെ
വഴികളിലെല്ലാം നിൻ കരതാർ
ഞങ്ങളെ രക്ഷിച്ചരുളട്ടെ.
നിൻ ഹിതമൊത്തിവരീനാളിൽ
വയ്ക്കും ചുവടുകളോരോന്നും

ശാന്തതയോടെ വിജയത്തിൽ
ചെന്നെത്താനിടയാക്കണമേ.
മൂശെയ്ക്കും നിൻ ജനതയ്ക്കും
കടലിൽ രക്ഷ കൊടുത്തവനേ,
സിംഹക്കുഴിയിലടിഞ്ഞവനിൽ
രക്ഷ കനിഞ്ഞു പൊഴിച്ചവനേ,
അഗ്നിയിലന്നാ ബാലകരെ
കാത്തു സുരക്ഷിതരാക്കിയ നീ
ദുഷ്ടപിശാചിൽ നിന്നിവരെ
സദയം രക്ഷിച്ചരുളണമേ.
കതിരവനൊത്തിവരുണരുന്നു
താതനെയാരാധിക്കുന്നു
തനയനു സ്തോത്രമണയ്ക്കുന്നു
റൂഹയെ ഞങ്ങൾ വാഴ്ത്തുന്നു.
ദൈവപിതാവിൻ കൃപയും തൻ
വത്സലസുതനുടെ കരളലിവും
റൂഹാതൻ ദിവ്യാഗമവും
നിത്യം തുണയരുളീടട്ടെ.
നാഥാ, ദിവ്യഭിഷഗ്വരനേ,
നരനിഹ ശരണം നീയല്ലോ;
നാശം വന്നുഭവിക്കായ്‌വാൻ
കരുണയുടൗഷധമേകണമേ.
നിൻ കല്പനകൾ കാത്തീടാൻ
ശക്തിയശേഷമിവർക്കില്ല
ആരാധകരാം ഞങ്ങളെ നീ
കാത്തുതുണയ്ക്കുക മിശിഹായേ.
അനുതാപികളെ കൈക്കൊള്ളാൻ
വാതിൽ തുറന്നു പ്രതീക്ഷിക്കും
കരുണാമയനൊടു പാപത്തിൻ
പൊറുതി നമുക്കുമിരന്നീടാം.
ദിനമനു ഞങ്ങൾ വാഗ്ദാനം
ചെയ്യുന്നെങ്കിലുമപരാധം
പെരുകിവരുന്നു കർത്താവേ,
കനിവിൻ കിരണം ചൊരിയണമേ.

**മ്ശം :** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി :** ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ ദാസരെ സമൃദ്ധമായി അനുഗ്രഹിക്കണമേ. ഭക്തരെ നിന്റെ പരിപാലനത്തിൽ സംരക്ഷിക്കണമേ. ദൈവമായ നിന്റെ ശാശ്വതമായ സമാധാനവും നാഥനായ നിന്റെ അനന്തമായ ശാന്തിയും നിന്റെ ജനത്തിന്റെയും സഭയുടെയുംമേൽ നിരന്തരം നിലനില്ക്കട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ :** ആമ്മേൻ.

**മ്ശം :** കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമി :** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, നിന്റെ സമൃദ്ധമായ അനുഗ്രഹവും ശാശ്വതമായ പരിപാലനവും നിരന്തരമായ സഹായവും ഞങ്ങൾക്കുണ്ടാകുമാറാകട്ടെ. നിന്റെ വലത്തുകരം ഞങ്ങളുടെമേൽ നിഴലിപ്പിക്കണമേ. നിന്റെ സമാധാനം ഞങ്ങളെ ഭരിക്കട്ടെ. നിന്റെ സ്ലീവാ ഉയർന്ന കോട്ടയും സങ്കേതവുമായി നിലകൊള്ളുകയും അതിന്റെ ചിറകുകളുടെ കീഴിൽ ഞങ്ങൾ സംരക്ഷിക്കപ്പെടുകയുംചെയ്യട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ :** ആമ്മേൻ.

**മ്ശം :** കർത്താവേ, അനുഗ്രഹിക്കണമേ.

## ദ്ഉദ്റാനാ

**കാർമി :** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മഹത്ത്വമേറിയ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയും അനന്തമായ അനുഗ്രഹവും നിരന്തരമായ സഹായവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെ അപേക്ഷയും മാർ യൗസേപ്പിന്റെയും വിശുദ്ധ ശ്ലീഹന്മാരുടെയും സുവിശേഷകരുടെയും ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെയും മാർ അപ്രേമിന്റെയും വിശ്രുത രക്തസാക്ഷിയായ മാർ ഗീവർഗീസിന്റെയും മറ്റു രക്തസാക്ഷികളുടെയും മല്പാന്മാരുടെയും ഞങ്ങളുടെ ഇടവകയുടെ / ഭവനത്തിന്റെ മധ്യസ്ഥനായ (മധ്യസ്ഥയായ) (പേര്) ന്റെയും (യുടെയും) മറ്റു സകല വിശുദ്ധരുടെയും, പ്രത്യേകമായി

ഞങ്ങളുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും ഞങ്ങളെ സഹായിക്കുമാറാകട്ടെ. അവ ഞങ്ങൾക്ക് അഭയവും സഹായവും ദുഷ്ടപിശാചിലും അവന്റെ സൈന്യങ്ങളിലുംനിന്ന് സംരക്ഷണവും നല്കി നിത്യഭാഗ്യത്തിലേക്കു ഞങ്ങളെ നയിക്കുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ** : ആമ്മേൻ.

**മ്ശം** : കർത്താവേ, ആശീർവദിക്കണമേ.

## ഹൂത്താമ്മാ

**കാർമി** : ഞങ്ങളുടെ കർത്താവായ ദൈവമേ, ബലഹീനരായ ഞങ്ങൾ അർപ്പിക്കുന്ന പ്രാർഥനകൾ ദയാപൂർവം സ്വീകരിക്കണമേ. ഞങ്ങളുടെ ഈ ശുശ്രൂഷ അങ്ങേക്കു പ്രീതികരമായി ഭവിക്കട്ടെ. അങ്ങയുടെ കൃപയാൽ എല്ലാ ദിവസവും ശരീരത്തിനു പോഷണവും ആത്മാവിനു സംരക്ഷണവും നല്കണമേ. അങ്ങയുടെ കരുണയാൽ കടങ്ങളുടെ പൊറുതിയും പാപങ്ങളുടെ മോചനവും ശാശ്വതമായ ശാന്തിയും സമാധാനവും, നിലനില്ക്കുന്ന സ്നേഹവും ഐക്യവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

കാർമികൻ പുരോഹിതനെങ്കിൽ സമൂഹത്തെ ആശീർവദിക്കുന്നു.

**സമൂ** : ആമ്മേൻ.

കാർമികൻ സമാധാനം (കൈക്കസ്തൂരി) നല്കുന്നു.